# ജാമക്കാരൻ
# JAMAKKARAN

VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 8
AUGUST 2018 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*
*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).*

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



*കർത്താവിൽ പ്രിയരെ,*

*നിങ്ങൾ എല്ലാവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം.*

*നമ്മുടെ രാജ്യം ഈ ആഗസ്റ്റ് മാസത്തെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ അവസരത്തിൽ മനോവിഷമത്തോടെ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്, പൂർവ്വികരായ പല മഹാന്മാരാലും ലഭിച്ച ഈ സ്വാതന്ത്ര്യത്തെ ഭൂരിപക്ഷമായ ഇന്ത്യയിലെ സാധാരണ ജനങ്ങൾക്ക് സന്തോഷം അനുഭവിക്കുവാൻ സാധിക്കാതെ പോയി എന്ന് വളരെ ദുഃഖത്തോടെ അറിയിക്കുന്നു. രാജ്യത്തെ ഭരിക്കുന്നവരും രാഷ്ട്രീയക്കാരും ധനവാന്മാരും മാത്രമാണ് ആ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. വെള്ളത്തിനും ഭക്ഷണത്തിനും ഉള്ള ക്ഷാമം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എവിടെ നോക്കിയാലും വർഗ്ഗീയകലാപങ്ങളും ആൾക്കൂട്ടക്കൊലയും സ്ത്രീപീഢനങ്ങളും ബാലപീഢനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഞ്ചാവിനുവേണ്ടി നൊന്തുപെറ്റ അമ്മയെ കൊല്ലുന്നതും ഭർത്താവ് ഭാര്യയെ കൊല്ലുന്നതും പിശാച് കൊല്ലാനും നശിപ്പിക്കാനും മാത്രമേ വരുന്നുവെന്നുള്ള വേദവചനത്തെ ഉറപ്പാക്കുന്നു. ക്രിസ്തീയ സഭകളിലും ഇന്ന് സമാധാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പദവിക്കും ധനത്തിനുംവേണ്ടി ഏതറ്റം വരെയും പോകുവാൻ തയ്യാറാകുന്ന ക്രിസ്ത്യാനികൾ. സഭാനേതാക്കൾക്കും ബിഷപ്പുമാർക്കും കൊടുത്തിട്ടുള്ള അധി*

ജാമക്കാരൻ JAMAKKARAN

# AUGUST 2018

കാരം തെറ്റായ മാർഗ്ഗങ്ങൾക്കായി ഉപയോഗിക്കുന്നു.

കഴിഞ്ഞ ലക്കം ജാമക്കാരനിൽ മോഡറേറ്ററുടെ പ്രസ്താവനയെക്കുറിച്ച് ഞാൻ എഴുതിയത് ബിഷപ്പുമാരെ ദൈവമായി കരുതുന്ന വ്യക്തികൾക്ക് ഇഷ്ടമായില്ല. ചില അച്ചന്മാർ എനിക്ക് എഴുതിയത്, മോഡറേറ്റർ സൂചിപ്പിച്ച God's Family ('ദൈവകുടുംബം) എന്ന വാക്കിന്റെ പിന്നിൽ ഇത്ര വലിയ ആപത്തുണ്ടെന്ന് മനസ്സിലാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല, ഡോക്ടർ അത് വിവരിച്ചപ്പോഴാണ് ഇത്രയും വലിയ ആപത്ത് ഇതിന്റെ ഉള്ളിലുണ്ട് എന്ന് ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. മാർത്തോമാ സഭയിലും ഇതേ ആശയമുള്ള ബിഷപ്പുമാരുണ്ട്. എല്ലാ മതങ്ങളും ഒന്ന്, ലിംഗവ്യത്യാസമില്ലാതെ ഹിജഡകളേയും സഭയിൽ സമമായി സ്വീകരിക്കണം, അവരേയും അച്ചന്മാരുടെ നേതൃത്വത്തിലേക്ക് കൊണ്ടുവരണം എന്നുള്ള സോദോം ഗൊമോറയുടെ പാപത്തെ സഭയ്ക്കുള്ളിൽ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഭാരവാഹികളും അച്ചന്മാരും ബിഷപ്പുമാരേയും നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനും രഹസ്യമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഈ പാപത്തെ ന്യായീകരിച്ചുകൊണ്ട് അതിനെ നിയമമാക്കി പ്രവൃത്തിയിൽ, പല രാജ്യങ്ങളും കൊണ്ടുവന്നുകഴിഞ്ഞു. അത് നമ്മുടെ വിശുദ്ധ ദൈവസഭയ്ക്കുള്ളിലും കൊണ്ടുവരുവാൻ ശ്രമിക്കുന്നത് നാമെല്ലാവരും കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ഈ വിഷയങ്ങളെ ഞാൻ എന്റെ മാസികയിൽ കൂടി ചൂണ്ടിക്കാണിച്ചതിൽ എന്താണ് തെറ്റ്? ഡോ.പുഷ്പരാജ് ബിഷപ്പുമാരെ അപമാനിക്കുന്നു എന്ന് തെറ്റായിട്ട് എല്ലാ ഡയോസിസുകളിലും അറിയിച്ചുകൊണ്ടിരിക്കുന്നു. എത്ര വലിയ നഷ്ടത്തേയും അപമാനത്തേയും പ്രതീക്ഷിച്ചുകൊണ്ട് ഇങ്ങനെയുള്ള ലേഖനം എഴുതിയെന്നു വച്ചാൽ അത് നമ്മുടെ സഭയെ ഉണർത്തുവാനും, ആ ഉപദേശങ്ങളെ സഭയ്ക്കുള്ളിൽ കൊണ്ടുവരാതിരിക്കാനും അല്ലാതെ വേറെ ഉദ്ദേശങ്ങളൊന്നും എനിക്ക് ഇല്ല. യേശുക്രിസ്തു പറഞ്ഞതുപോലെ, ചെവിയുള്ളവൻ കേൾക്കട്ടെ.

തുടർന്നും നിങ്ങൾ എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. എത്ര എതിർപ്പുകൾക്കും വെറുപ്പുകൾക്കും ഇടയിലും എന്നെ തുടർന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സഭാഭാരവാഹികൾക്കും അച്ചന്മാർക്കും ഈ ശുശ്രൂഷയ്ക്കും മാസികയുടെ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം അയയ്ക്കുന്ന എല്ലാ കുടുംബത്തിനും നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ മാസം എഴുതിയ ലേഖനത്തിനുശേഷം പല ഡയോസിസുകളിൽ ഉള്ള പ്രശ്നങ്ങളും സാമ്പത്തിക ക്രമക്കേടുകളും സി.എസ്.ഐ സിനഡ് എതിരായി ഗവൺമെന്റിന്റെ അന്വേഷണവിവരങ്ങളും എനിക്ക് അയച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന് ആലയം പണിത ശലോമോന് എതിരായി രണ്ടു ശത്രുക്കളെ ദൈവം തന്നെ എഴുന്നേൽപ്പിച്ചു. കാരണം നിങ്ങൾക്കു തന്നെ അറിയാം.

*ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യത്തെ രാജാവും നേതാക്കളും ചെയ്യുമ്പോൾ ദൈവം വെറുക്കുന്ന കാര്യങ്ങളെ നേതാക്കൾ പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ മിക്കപ്പോഴും ദൈവം തന്നെ പുതിയ പുതിയ ശത്രുക്കളെ സഭാനേതാക്കൾക്കെതിരായി വർദ്ധിപ്പിക്കും. ദൈവം നമ്മുടെ സഭകളെയും സഭാനേതാക്കളെയും അനുഗ്രഹിച്ച് അവർക്കിടയിൽ ആത്മീയ ഉണർവ്വും ദൈവഭയവും ഉണ്ടാകുവാൻ നമുക്ക് എല്ലാവർക്കും പ്രാർത്ഥിയ്ക്കാം. ദൈവകൃപ നാം എല്ലാവരോടും എപ്പോഴും ഉണ്ടാകുമാറാകട്ടെ. പാർത്ഥനയോടെ അവസാനിപ്പിക്കട്ടെ!.*

*കർത്തൃശുശ്രൂഷയിൽ*

***ഡോ.പുഷ്പരാജ്***

## ജാമക്കാരൻ വേണ്ട

*മോഡറേറ്ററും മധ്യകേരള ഡയോസിസ് ബിഷപ്പുമായ മോസ്റ്റ്.റവ.തോമസ് കെ.ഉമ്മൻ അവർകളുടെ നവീന ഉപദേശമായ 'ദൈവകുടുംബം' പ്രകൃതിയിൽ മരം, മൃഗങ്ങൾ ഇവയ്ക്കുവേണ്ടി 40 ദിവസം ഉപവാസം നടത്തുവാൻ തീരുമാനിച്ചു. ദൈവകുടുംബത്തിൽ ഹിജഡകൾ, ആണ് ആണോടും പെണ്ണ് പെണ്ണോടും തമ്മിലുള്ള ബന്ധമുള്ളവർ ഇവരെയെല്ലാവരെയും ഉൾപ്പെടുത്തി ഒരു ദൈവകുടുംബമായി ജീവിക്കണം എന്നീ കാര്യങ്ങൾ അടങ്ങിയ പ്രസ്താവന സി.എസ്.ഐയിലുള്ള 24 ഡയോസിസിലെ ബിഷപ്പുമാർക്കും, അച്ചന്മാർക്കും അയക്കുകയും, അത് പ്രവൃത്തിയിൽ കൊണ്ടുവരുവാൻ അറിയിപ്പ് നൽകുകയും ചെയ്തു. ഇത് തെറ്റ് എന്ന് ഞാൻ കഴിഞ്ഞ ജാമക്കാരനിൽ എഴുതിയിട്ടുണ്ട്. ആ ഡയോസിസിലെ പ്രധാന അച്ചൻ അവർകളിൽ ഒരാൾ 'ജാമക്കാരൻ വേണ്ട'എന്ന അറിയിപ്പോടെ എനിയ്ക്ക് തന്നെ തിരിച്ചയച്ചു. ഞാൻ എഴുതിയത് വ്യാജമോ കള്ളമോ എന്നറിഞ്ഞാലും നിങ്ങളും ആ അച്ചന്റെ വഴിയിൽ 'ജാമക്കാരൻ വേണ്ട' എന്ന് എഴുതി എനിക്ക് തിരിച്ചയച്ചാലും.*


*ഞാൻ എഴുതിയ വിവരത്തിൽ തെറ്റുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാൻ ഇതു വായിക്കുന്ന ഏവർക്കും അവകാശം ഉണ്ട്.*

*ദൈവം നമ്മെ എല്ലാവരേയും വചനപ്രകാരം വഴിനടത്തുമാറാകട്ടെ.*

## നന്ദി

Bank NEFT, MO, DD ***ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.***

# ഇന്ത്യൻ ദേശീയഗാനത്തിൽ ക്രിസ്ത്യാനിയുടെ പങ്ക്



***ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമന എഴുതിയത് പശ്ചിമബംഗാളിലെ കൽക്കട്ടയിൽ ജീവിച്ചിരുന്ന കവി രവീന്ദ്രനാഥ ടാഗോർ ആകുന്നു. അദ്ദേഹം തന്റെ മാതൃഭാഷയായ ബംഗാളിലാണ് ഇത് എഴുതിയത്. അദ്ദേഹം എഴുതിയ മുഴുവൻ പാട്ടിൽ നിന്നും ആദ്യത്തെ ഭാഗം തെരഞ്ഞെടുത്താണ് ദേശീയഗാനമായി ആലപിക്കുന്നത്. ഈ പാട്ടിന്റെ വരിയിൽ വരുന്ന ഹിന്ദു എന്നു വിളിക്കുന്ന സംസ്ഥാനവും ഇപ്പോഴുള്ള നമ്മുടെ പഞ്ചാബിന്റെ ഒരു ഭാഗവും പാകിസ്ഥാനിൽ പോയി.***

***ഈ പാട്ടിന് ഈണം നൽകിയവർ :***

***നമുക്ക് ഓരോരുത്തർക്കും പാട്ടുകൾ എഴുതിയവരുടെ പേരുകൾ മാത്രമേ അറിയാവൂ. എന്നാൽ ഈ പാട്ടിന് ഈണം പകർന്നത് മിസ്സിസ്.മാർഗരറ്റ് കസ്സിൻ എന്നു വിളിക്കപ്പെടുന്ന ക്രിസ്ത്യാനിയാണ്. ആന്ധ്രാപ്രദേശ് സംസ്ഥാനത്തിലെ മദനപ്പള്ളി സ്വദേശിയായ Mr.ജെയിസ് H കസ്സിനും ഭാര്യയായ മിസ്സിസ് മാർഗരറ്റ് കസ്സിനും ചേർന്നാണ് ഈ ഗാനത്തിന് ഈണം പകർന്നത്. തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിച്ച ആനിബസന്റിന്റെ മറ്റൊരു സഹസ്ഥാപനമാണ് തിയോസഫിക്കൽ കോളേജ്. ഈ കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്നു മിസ്സിസ്.മാർഗരറ്റ് കസ്സിൻ അവർകൾ. ശ്രീ.രവീന്ദ്രനാഥ ടാഗോർ ഈ കോളേജിൽ താമസിച്ചിരുന്നപ്പോൾ ഈ ജനഗണമന എന്ന ഗാനത്തിന് ഈണം പകരുവാൻ മിസ്സിസ് മാർഗരറ്റ് അവർകളോട് ആവശ്യപ്പെട്ടു. ഭാര്യയും ഭർത്താവും പിയാനോയുടെ സഹായത്താൽ ഈ ഗാനത്തിന് ഈണം പകർന്നപ്പോൾ രവീന്ദ്രനാഥ് ടാഗോർ അവർകൾക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ഈ ദേശഭക്തി ഗാനത്തെ ആദരവോടെ നാം പാടുമ്പോൾ ഗാനത്തിന്റെ രചയിതാവായ രവീന്ദ്രനാഥടാഗോർ അവർകളെ മാത്രമേ നാം ഓർക്കാറുള്ളൂ. പക്ഷേ, ആ ഗാനത്തിന് ഈണം പകർന്ന മിസ്റ്റർ & മിസ്സസ് മാർഗരറ്റ് കസ്സിൻ അവർകളെ ആരും ഓർക്കുന്നില്ല. അതേസമയം സിനിമാ മ്യൂസിക് ഡയറക്ടറായ എ.ആർ.റഹ്മാനെ ഓർക്കുന്നുണ്ട്. പക്ഷേ, മിസ്റ്റർ & മിസ്സിസ് മാർഗരറ്റ് ദമ്പതികളെ എല്ലാവരും വിസ്മരിക്കുന്നു എന്ന് ദുഃഖകരമായ വിഷയമാണ്.***

ഈ ആഗസ്റ്റ് മാസത്തെ ജാമക്കാരൻ മാസികയുടെ മാറ്റർ എഴുതിക്കൊണ്ടിരിക്കുമ്പോൾ വായനക്കാർ എല്ലാവർക്കും ക്രിസ്ത്യാനികളായ ഈ പ്രധാന വ്യക്തികളെ പരിചയപ്പെടുത്തുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. എന്റെ കുട്ടിക്കാലത്തും, ബാല്യക്കാരൻ ആയ ശേഷവും, സ്കൂളിലും കോളേജിലും നമ്മുടെ ദേശിയപതാകയെ ഉയർത്തുമ്പോൾ ഈ ഗാനം ആലപിക്കുവാൻ എന്നെയാണ് ഉപയോഗിച്ചിരുന്നത് എന്നറിയിക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്. നമ്മുടെ ഭാരതദേശത്തിന് ക്രിസ്തുവിൽ കൂടി മാത്രമേ പൂർണ്ണമായ സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയൂ എന്ന് ദേശത്തിലെ ജനങ്ങളും നേതാക്കളും തിരിച്ചറിയുവാൻ നമുക്ക് പ്രാർത്ഥിക്കാം.

# ഇന്ത്യൻ സ്വാതന്ത്ര്യപാതയിൽ ക്രിസ്ത്യാനി

ഇന്ത്യൻ സ്വാതന്ത്ര്യപാതയിൽ വളരെ പ്രധാനപ്പെട്ട സംഭവം 1903-ൽ നടന്ന ഉപ്പുസത്യാഗ്രഹമാണ്. ഈ സത്യാഗ്രഹത്തിൽ ഒരു ക്രിസ്ത്യാനിയുടെ പങ്കുണ്ടായിരുന്നത് നമ്മിൽ പലർക്കും അറിയില്ല. ആ മാന്യദ്ദേഹത്തിന്റെ പേര് Mr.റ്റൈറ്റസ് എന്നാണ്. ഇന്ത്യയിലെ കേരള സംസ്ഥാനത്തിൽ മാരാമൺ എന്നറിയപ്പെടുന്ന സ്ഥലത്തിൽ തേവർതുണ്ടിയിൽ ശ്രീ.റ്റൈറ്റസ് അവർകൾ 1905-ാം വർഷം ഫെബ്രുവരി 18 ന് ജനിച്ചു.



ഇദ്ദേഹം മാർത്തോമാ സഭയുടെ അച്ചനായി വേല ചെയ്തയാളാണ്. മഹാത്മാ ഗാന്ധിയുടെ അടുത്ത സുഹൃത്തായിരുന്നു. ഇദ്ദേഹം ഗാന്ധിജിയുടെ സബർമതി ആശ്രമത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നു.

ഉപ്പുസത്യാഗ്രഹത്തിൽ ഗാന്ധിജിയോടൊപ്പം ഇദ്ദേഹവും പങ്കെടുത്തു. റ്റൈറ്റസ്ജി എന്നാണ് ഇദ്ദേഹം എല്ലാവരാലും വിളിക്കപ്പെട്ടിരുന്നത്.

ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത മഹത്‌വ്യക്തികളായ 11 പേരുടെ പ്രതിമകൾ ഡൽഹിയിൽ സ്ഥാപിക്കപ്പെടുകയുണ്ടായി. അതിൽ ഇടതുനിന്നും എട്ടാമത്തെ പ്രതിമയാണ് റ്റൈറ്റസ്ജിയുടെ പ്രതിമ.



**Rev..റ്റൈറ്റസ**
**(Marthoma Church)**

# കൂട്ടായ്മകൾ

- ☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.
- ☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
- ☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.
- ☐ 2016 ജനുവരി മാസം മുതൽ ഇതുവരേയും നടന്ന എല്ലാ യോഗങ്ങളേയും സുവിശേഷ പ്രവർത്തനങ്ങളേയും ദൈവം അനുഗ്രഹിച്ചു. തുടർന്നുള്ള ദൈവിക ശുശ്രൂഷകളും അനുഗ്രഹിക്കപ്പെടുവാൻ നിങ്ങൾ എല്ലാവരുടേയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

# ജാമക്കാരൻ കുറിപ്പ് :

താഴെ വായിക്കുന്ന വേദപുസ്തക പഠനത്തിൽ, നമ്മുടെ വേദപുസ്തകം ആരംഭകാലം മുതൽ ഇപ്പോൾ വരെ എങ്ങനെയാണ് ഓരോ വ്യാഖ്യാതാക്കളും വചനത്തെ അവരവരുടെ സങ്കൽപ്പത്തിന് അടിസ്ഥാനപ്പെടുത്തി തെറ്റായി വ്യാഖ്യാനിച്ചും തർജ്ജമ ചെയ്തും വന്നു എന്നും ഇന്ന് ഈ തർജ്ജമകളും വ്യാഖ്യാനങ്ങളും എങ്ങനെയുണ്ട് എന്നറിയുവാനും വേണ്ടി ഞാൻ ഈ ആരംഭകാല വേദപുസ്തക ചരിത്രവിവരം പരസ്യപ്പെടുത്തിയിരിക്കുന്നു. ഇത് വായിക്കുന്ന പലർക്കും ആദ്യം മുഷിച്ചിൽ ഉണ്ടാകാം. എന്നാലും നമ്മുടെ വേദവചനത്തെ ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ ഈ ചരിത്ര വ്യാഖ്യാനങ്ങളുടെ വിവരണം അറിയേണ്ടത് ആവശ്യമാണ്.

# ബൈബിൾ വ്യാഖ്യാന ചരിത്രത്തിലൂടെ

ദൈവം തിരുവെഴുത്തുകളെ വെളിപ്പെടുത്തിയ കാലം മുതൽ വിവിധ നൂറ്റാണ്ടുകളിൽ ബൈബിൾ പഠിക്കുന്നതിനായി പലതരം സമീപനങ്ങളും അതുമൂലം നിരവധി വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. അക്ഷരാർത്ഥപരം, രൂപകഥാപരം, ഗുപ്താർത്ഥപരം, പരമ്പര്യപരം, യുക്തിപരം മുതലായ ഓരോ വ്യാഖ്യാനവിധത്തിനും ഓരോരുത്തർ ഊന്നൽ നൽകിയിട്ടുണ്ട്. വ്യാഖ്യാനശാസ്ത്ര സംരംഭം കൊണ്ട് അർത്ഥം കണ്ടെത്തുവാൻ കഴിയുമോ എന്നു ചിന്തിക്കുന്ന പണ്ഡിതന്മാരും കുറവല്ല. തിരുവെഴുത്തുകളെ സംബന്ധിച്ചു നിലവിലുണ്ടായിരുന്ന കാഴ്ചപ്പാടും, വ്യാഖ്യാനവിധങ്ങളെക്കുറിച്ചു നടപ്പിലിരുന്ന ആശയവും എന്തായിരുന്നു എന്ന മനസ്സിലാക്കുന്നത് ഈ സന്ദർഭത്തിൽ പ്രയോജനമായിരിക്കും. കഴിഞ്ഞകാലങ്ങളിലെ വ്യാഖ്യാന പ്രക്രിയകളിൽ നിന്നും അന്നത്തെ മുഖ്യ പ്രവണതകളെ പഠിച്ച് അതിൽ നിന്നും പാഠങ്ങളെ ഉൾക്കൊള്ളുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. പഴയതിൽ നിന്നു പാഠങ്ങൾ പഠിക്കാത്തവർ പഴയ തെറ്റു തന്നെ ആവർത്തിക്കും. തെറ്റായ വ്യാഖ്യാനവിധങ്ങളും തത്ത്വങ്ങളും ഉപയോഗിച്ചതു മൂലം മഹാന്മാരായ വിശുദ്ധന്മാർ പോലും വളരെയേറെ നാശങ്ങൾ

വ്യാഖ്യാനരംഗത്തിൽ വരുത്തിയിട്ടുണ്ട് എന്നു ചരിത്രം സാക്ഷിക്കുന്നു. ബൈബിൾ വ്യാഖ്യാന ചരിത്രത്തിൽ നിന്ന് അന്നും ഇന്നും സ്വീകരിച്ച സമീപനങ്ങളെയും, അവയുടെ വിജയ-പരാജയങ്ങളെയും, സൂക്ഷ്മബുദ്ധികളെ പോലും വഴിതെറ്റിച്ച സ്വാധീനശക്തികളെയും മനസ്സിലാക്കുവാനും, അതുവഴി തെറ്റുകൾ തിരുത്തുവാനും നേരെ മുന്നറിയിപ്പാകുവാനും ശരിയിലേക്കുള്ള മാർഗ്ഗദർശനിയാകുവാനും കഴിയും എന്നുള്ളതിനാൽ അതിന്റെ പ്രാധാന്യം വിലമതിക്കാനാവാത്തതാകുന്നു. അതുമാത്രമല്ല, ഏതെങ്കിലും ഒരു വിഭാഗത്തിന്റെ വ്യാഖ്യാനമാണ് ഏറ്റവും മെച്ചമായത് എന്നുള്ള ധാരണയെ അകറ്റുവാനും കൂടുതൽ സമതുലിതമായി വ്യാഖ്യാനത്തെ സമീപിക്കുവാനും ഇത് ഉപകരിക്കുന്നു. ബൈബിൾ വ്യാഖ്യാനചരിത്രത്തിന്റെ മുഴുനീള ചിത്രം പ്രദർശിപ്പിക്കുവാൻ ഇവിടെ കഴിയുകയില്ലെങ്കിലും അതിന്റെ പ്രധാന വഴിത്തിരിവുകളെ പ്രസ്താവിക്കുവാൻ ശ്രമിക്കുന്നതാണ്.

## I. യെഹൂദന്മാരുടെ വ്യാഖ്യാനം

A. എസ്രായുടെ കാലം : എസ്രായിൽ നിന്നുമാണു സാധാരണയായി ബൈബിളിന്റെ വ്യാഖ്യാന ചരിത്രം ആരംഭിക്കുന്നത് (ഏകദേശം 445 ബി.സി). ബാബിലോണ്യ പ്രവാസത്തിൽ നിന്നു തിരിച്ചെത്തിയ ജനത്തിന് എസ്രാശാസ്ത്രി "ദൈവത്തിന്റെ ന്യായപ്രമാണ പുസ്തകം" (മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ) വായിച്ച് അർത്ഥം പറഞ്ഞു കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു (നെഹ 8:8). എഴുപതു വർഷത്തോളം വിദേശത്തായിരുന്ന യഹൂദന് എബ്രായ ഭാഷയെക്കാൾ അരാമ്യഭാഷ വശമായിരുന്നതിനാൽ എസ്രായും മറ്റു ലേവ്യരും (നെഹ 8:7) വായിച്ച ഭാഗങ്ങളെ എബ്രായ ഭാഷയിൽ നിന്ന് അരാമ്യ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി എന്നേ അർത്ഥമുള്ളൂ. അത് ഇന്നത്തെ അർത്ഥത്തിൽ വ്യാഖ്യാനമല്ല എന്നു മിക്ക പണ്ഡിതന്മാരും കരുതുന്നു. "പറഞ്ഞു കൊടുക്കുകയും" (നെഹ 8:8) പാരഷ് - വ്യക്തമാക്കുക, വ്യാഖ്യാനിക്കുക - എന്നുള്ള ശബ്ദത്തിനു "പരിഭാഷപ്പെടുത്തുക" എന്ന അർത്ഥമായിരിക്കാം ഇവിടെയുള്ളത്. ഒരു പരിധി വരെ ഇതു ശരിയാണെങ്കിലും അർത്ഥം ഗ്രഹിച്ചു യിസ്രായേൽ ജനത്തിനു ജീവിതത്തിൽ പ്രായോഗികമാക്കുവാൻ കഴിയുന്നവിധം പുസ്തകത്തിന്മേലുള്ള വിശദീകരണവും ഉണ്ടാ യിരുന്നു എന്നു തെളിവായി "മെഫൊറാഷ്" എന്ന പദം സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണം ഉപദേശിക്കുക എന്നുള്ളതു ശാസ്ത്രിമാരുടെ ചുമതല ആയിരുന്നതിനാൽ വ്യാഖ്യാനവും വിശദീകരണവും അനിവാര്യമായിരുന്നു. യഹൂദനു സ്വന്തം ഭാഷയിൽ പരിചയം കുറഞ്ഞുപോയതിനാൽ പരിഭാഷയും ആവശ്യമായി വന്നു.

എസ്രാ ഒരു ശാസ്ത്രിയും (എസ്രാ 7:6, നെഹ 8:14-13, 12:36) സൊഫർ പുരോഹിതനും (എസ്രാ 7:11-12, നെഹ 8:9, 12:36) ആയിരുന്നു. എസ്രായുടെ കാലം മുതൽ

എ.ഡി രണ്ടാം നൂറ്റാണ്ടുവരെ സൊഫെറിം (ശാസ്ത്രിമാർ) പകർപ്പെഴുത്തുകാർ, തിരുവെഴുത്തിലെ ഓരോ അക്ഷരവും ദൈവനിശ്വാസീയമായ വചനമാണെന്നും, അക്ഷരത്തിന്റെ ആകൃതിക്കു പോലും അർത്ഥമുണ്ടെന്നു വിശ്വസിച്ച ഇവർ അതീവ ആദരവോടും ഭയത്തോടും ഭക്തിയോടും കൂടിയാണ് അതിനെ സമീപിച്ചത്. തിരുവെഴുത്തിലെ അക്ഷരവും വിശുദ്ധം എന്നു കരുതിയതിനാൽ അവയിൽ ഒന്നുപോലും നഷ്ടമാകാതിരിക്കുവാൻ വളരെ ശ്രദ്ധിച്ചിരുന്നു. ദൈവവചനത്തോടുള്ള ഈ അമിതഭക്തിയും ആദരവും നൂറ്റാണ്ടുകളോളം അതിനെ ശ്രദ്ധയോടെ സംരക്ഷിക്കുവാനും സംപ്രേക്ഷണം ചെയ്യുവാനും സഹായിച്ചു. ഏങ്കിലും ആശയവിനിമയത്തെ സാധാരണയായി വ്യാഖ്യാനിക്കുന്നതിൽ നിന്നു വ്യത്യസ്തമായ വിധങ്ങളിൽ തിരുവെഴുത്തുകളെ വിശദീകരിക്കുവാൻ റബ്ബിമാരെ ഇതു പ്രേരിപ്പിച്ചു. എന്നാൽ എസ്രാ ശാസ്ത്രി നൽകിയ വ്യാഖ്യാനം അക്ഷരാർത്ഥത്തിൽ ഉള്ളതായിരുന്നു എന്നു ന്യായമായും കരുതാവുന്നതാകുന്നു. ആദ്യം എബ്രായ ഭാഷയിൽ നൽകപ്പെട്ട തിരുവെഴുത്തിനെ എസ്രായുടെ കാലത്ത് അരാമ്യ ഭാഷയിൽ നൽകേണ്ടത് ആവശ്യമായിരുന്നതിനാൽ വിവർത്തനവും വിശദീകരണവും തുടർന്നുകൊണ്ടിരുന്നിരിക്കാം.

B. പഴയ പുതിയനിയമ കാലങ്ങൾക്കിടയിലുള്ള കാലം (400 ബി.സി – ഏ.ഡി 10)

1. അക്ഷരഭക്തിയുടെ ഉയർച്ച : എസ്രായും നെഹമ്യാവും അവരുടെ സഹായികളും വ്യാഖ്യാനത്തിനു സ്വീകരിച്ച കർശനമായ നടപടികൾ പരീശമതത്തിനു വഴി തെളിച്ചു എന്നു കരുതാവുന്നതാകുന്നു. ഇവർ അതിമനോഹരമായി തുടങ്ങിവെച്ച വ്യാഖ്യാന രീതി, അക്ഷരാരാധകർ നാനാവിധമാക്കിയതിനാൽ ഉദ്ദേശിച്ച അർത്ഥത്തിന്റെ സ്ഥാനത്ത് സാങ്കല്പികവും വിചിത്രവുമായ ആശയങ്ങൾ വന്നുകൂടി. എബ്രായ ഭാഷ വിശുദ്ധമായ ഭാഷയാണെന്നു വിശ്വസിച്ച ഇവരിൽ, അക്ഷരത്തിനു മുകളിലെ അലങ്കാരത്തിനുപോലും വ്യാഖ്യാനം നൽകണമെന്നും "തോറാ" മനുഷ്യഭാഷയിൽ ലഭിച്ചതിനാൽ യുക്തിപരമായി അതിനെ വ്യാഖ്യാനിക്കാം എന്നും വിശ്വസിക്കുന്നവർ ഉണ്ടായിരുന്നു. പലസ്തീനിലെ യഹൂദന്മാർക്കു വീഴ്ചവരാത്ത ദൈവത്തിന്റെ വചനത്തോട് അതീവ ആദരവായിരുന്നു. അവർ മോശെയുടെ പഞ്ചഗ്രന്ഥങ്ങളെ പ്രവാചകന്മാർക്കും എഴുത്തുകാർക്കും മുകളിൽ കണ്ടു.

ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുക എന്ന മുഖ്യ ലക്ഷ്യമുണ്ടായിരുന്ന ഇവർ ബൈബിളിന്റെ വെറും അക്ഷരാർത്ഥവും വ്യാഖ്യാനവും ശ്രദ്ധയോടെ തിരിച്ചറിഞ്ഞിരുന്നു. ലഭിക്കാവുന്ന സകല വ്യാഖ്യാന ഉപാധികളും ഉപയോഗിച്ചു തിരുവെഴുത്തിന്റെ മറഞ്ഞിരിക്കുന്ന സകല അർത്ഥവും പരിശോധിച്ചു പുറത്തെടുത്തു വിശദീകരിച്ചു പ്രയോഗിക്കുക എന്നുള്ളതു മിഡ്രാഷയുടെ ഒരു സ്വഭാവം ആയിരുന്നു. മിഡ്രാഷയുടെ പരിധിയിൽ പെടുന്ന വിഷയങ്ങളെ, വിശാലമായി, കർശനമായും നിയമസ്വ

ഭാവമുള്ളത് എന്നും, ധർമ്മോപദേശപരമായ് എന്നും രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഹലാഖയിൽ പഴയനിയമത്തിലെ നിയമ വസ്തുക്കളിൽ നിന്നും മനുഷ്യന്റെ പെരു മാറ്റത്തിനുവേണ്ടി രൂപീകരിച്ച നിയമങ്ങളും തത്വങ്ങളും, ഹഗ്ഗാദായിൽ ആത്മീയമായ ഭക്തിക്കും ധ്യാനത്തിനുമായി വായനക്കാരന് ആത്മീയം ഉണ്ടാക്കുവാൻ പറയുന്ന തിരുവചനം എന്നിവയാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത്. ഒരർത്ഥത്തിൽ മിഡ്രാസിം പഴയനിയമത്തിന്റെ നടന്നുകൊണ്ടിരിക്കുന്ന വിവരണം ആകുന്നു.

ശാസ്ത്രിമാരുടെ വ്യാഖ്യാനത്തിനുണ്ടായിരുന്ന വലിയ തകരാറുകളിൽ ഒന്ന് അവർ വായ്മൊഴിയായ പ്രമാണത്തിനു കൂടുതൽ മാഹാത്മ്യം നൽകി എന്നുള്ളതാകുന്നു. റബ്ബിമാരുടെ അനുമാനങ്ങൾക്കു തുല്യമായ ഈ വായ്മൊഴി പ്രമാണം, എഴുതപ്പെട്ട പ്രമാണത്തിന് അത്യാവശ്യമായ പിന്തുണയായും അതിനെ മാറ്റിനിർത്തുന്നതിനുള്ള ഉപാധിയായും തീർന്നു. യാതൊരു നിയമ നിബന്ധനയുമില്ലാത്ത എല്ലാവിധ വ്യാഖ്യാനത്തിനും ഇതും വഴിതെളിച്ചു.

a. ഖുമറാൻ സമൂഹം (150 ബി.സി. ഏ.ഡി.70)

എസ്രായുടെയും യേശുക്രിസ്തുവിന്റെയും കാലങ്ങൾക്കിടയിൽ യഹൂദാമതം ഉയരുകയും താഴുകയും ചെയ്തു. മറ്റുള്ളവരാൽ അടിച്ചമർത്തപ്പെട്ട സമയങ്ങളിൽ വിശ്വാസത്തിനുവേണ്ടി മരിക്കുവാനും അതു കഴിയുമ്പോൾ വിദേശ മേൽക്കോയ്മയിൽ നിന്ന് ആവുന്നത്ര രാഷ്ട്രീയ സ്വാതന്ത്ര്യം തേടുവാനും കഴിയുന്നതായിരുന്നു യഹൂദന്മാരുടെ സ്വഭാവം. പലസ്തീനിലെ സങ്കീർണ്ണമായ ജീവിതവും യഹൂദമത പൈതൃകത്തോടുള്ള ശത്രുതയും നിമിത്തം ദൈവത്തെ ഇച്ഛിക്കും പോലെ സേവിക്കുവാൻ ചില യഹൂദന്മാർക്ക് അസാധ്യമായി തീർന്നു. ദൈവത്തിന്റെ ന്യായപ്രമാണം പഠിക്കുവാനോ പാലിക്കുവാനോ ഒരുമിച്ചു ആരാധിക്കുവാനോ പ്രയാസപ്പെടേണ്ടതായി വന്നു. സന്യാസസമൂഹങ്ങളിൽ ചേർന്നാൽ ദൈവത്തിന്റെ ന്യായപ്രമാണത്തോട് അനുരൂപരായി ജീവിക്കുവാൻ സാധിക്കും എന്നു തോന്നിയ ചിലർ അങ്ങനെ ചെയ്തു. വലിയ എതിർപ്പുകളുടെ സമയങ്ങളിൽ ഈ സമൂഹം പിരിഞ്ഞു പോവുകയോ പൂർണ്ണമായും വേർപെട്ടു പോവുകയോ ചെയ്താലും അതിന്റെ ഉപദേശങ്ങളും, ആചാരപരമായ കഴുകലുകളും, പ്രാർത്ഥനയും ധ്യാനവുമായി വീണ്ടും പ്രത്യക്ഷപ്പെടും. അത്തരം ഒരു സമൂഹമായിരുന്നു ഖുമ്റാൻ (150 ബി.സി. ഏ.ഡി 70). കമന്ററികൾ, സമൂഹജീവിതത്തെ സംബന്ധിച്ചുള്ള ചെറിയ റഫറൻസ് ഗ്രന്ഥങ്ങൾ, വിവിധ പ്രബന്ധങ്ങൾ എന്നിവയുടെ രചനയോടൊപ്പം ഇവിടെ തിരുവെഴുത്തുകളെ പകർത്തുകയും ചെയ്തു. ഇവയിൽ ചില കമന്ററികൾ ഖുമ്റാൻ വിഭാഗത്തിന് അനുസരിച്ചും (ഹബക്കൂക്ക്, മീഖാ, സങ്കീർത്തനങ്ങൾ), ഖുമ്റാനിൽ നിന്നു വ്യത്യസ്ത

മായ വേറൊരു വിഭാഗത്തിന്റെ രീതിയിലും (നഹൂം), അന്ത്യകാലസംഭവപ്രകാരവും (യെശയ്യാവ്) ഇങ്ങനെ മൂന്നു വിധത്തിലത്രെ വിവരിച്ചിരിക്കുന്നത്. മുൻപുണ്ടായ ഒരു രചനയുടെ ഗ്രന്ഥകർത്താവ്, തന്റെ ആദ്യവായനക്കാർക്ക് എന്ത് ആശയമാണ് എത്തിക്കുവാൻ ആഗ്രഹിച്ചത് എന്നു ശേഷം വരുന്ന വ്യാഖ്യാതാവു കണ്ടുപിടിക്കണം എന്നുള്ള അടിസ്ഥാനതത്ത്വം ഇന്നത്തെ ചില വ്യാഖ്യാതാക്കളെ പോലെ അന്നു ഖുമ്റാനും മറന്നുകളഞ്ഞു. മശിഹയെക്കുറിച്ചുള്ള വലിയ പ്രതീക്ഷകൾ വെച്ചുപുലർത്തിയ ഖുമ്റാൻ സമൂഹം ബൈബിൾ പ്രവചനങ്ങളെ അവരുടെ നിലനിൽപിലേക്കു തന്നെ നേരിട്ടു പ്രയോഗിക്കുകയും തന്മൂലം അവർ അന്ത്യകാലത്തിൽ ജീവിക്കുന്നു എന്നു കാണുകയും ചെയ്തു. അവരുടെ വ്യാഖ്യാനത്തെ പിൻതാങ്ങുവാൻ ബൈബിളിൽ മാറ്റം വരുത്തുക, പഴയനിയമ പ്രവചനങ്ങളെ സമകാലീനമായി പ്രയോഗിക്കുക, അണുപ്രയോഗമാക്കൽ മുതലായ വിദ്യകളടങ്ങിയ പെഷെർ (അരാമ്യഭാഷയിൽ പഷർ-നു വ്യാഖ്യാനിക്കുക എന്നർത്ഥം) വ്യാഖ്യാനവിധം അത്രെ എസ്സീൻസ് പ്രയോഗിച്ചത്. ഇത്തരം വ്യാഖ്യാന ങ്ങൾ സന്ദർഭത്തെ പാടെ അവഗണിച്ചുകളയുന്നു.

b. റബ്ബിമാരും അക്ഷരാർത്ഥവും : യഹൂദന്മാരുടെ അക്ഷരാർത്ഥത്തിൽ പഴയനിയമത്തെ, പദവും വാചകവും മറ്റുമായി വേർതിരിച്ചു പൂർണ്ണമായും ഉള്ളടക്കത്തിന്റെ ചരിത്രത്തിനും ആത്മാവിനും സന്ദർഭത്തിനും നിരക്കാത്ത അർത്ഥങ്ങൾ കല്പിച്ചും മക്കാബിയൻ കാലം മുതൽ ഹെരോദിയൻ കാലം വരെ (ബി.സി.168, എ.ഡി.10) രണ്ടു റബ്ബിമാരുടെ വിഭാഗങ്ങളുമായുള്ള സൗഹൃദയ ചർച്ചകളാൽ പ്രമുഖമാക്കപ്പെട്ടതായിരുന്നു വ്യാഖ്യാനമേഖല. "ജോഡികൾ" എന്നറിയപ്പെട്ടിരുന്ന ഇവർ വ്യാഖ്യാനത്തിലെ നിർണ്ണയ വ്യത്യാസങ്ങൾ സജീവമായി വെച്ചതോടൊപ്പം യഹൂദമതത്തിന് ഊന്നൽ നൽകി സന്തോഷിക്കുകയും ചെയ്തു. ക്രിസ്തുവിനു മുൻപ് ഒന്നാം നൂറ്റാണ്ടു മുതൽക്കേ വ്യാഖ്യാന വ്യവസ്ഥയിൽ തനതായ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിച്ചെടുത്ത വളരെ സ്വാധീനമുള്ള മൂന്നു റബ്ബിമാർ - ഹില്ലെൽ, ഷമ്മായ്, ഗമാലിയേൽ - ഉണ്ടായിരുന്നു.

(1) ഹില്ലെൽ (70 ബി.സി. എ.ഡി.102) : ഹില്ലെൽ ജനിച്ചത് ബാബിലോണിൽ ആയിരുന്നെങ്കിലും പരിശീലനത്തിനായി യരുശലേമിൽ വരികയും അവിടെ തന്റെ പേരിൽ ഒരു പാഠശാല സ്ഥാപിക്കുകയും ചെയ്തു. പലസ്തീനിൽ യഹൂദന്മാർക്കിടയിൽ പ്രമുഖനായ നേതാവും അവരുടെ ഏറ്റവും മഹാന്മാരായ വ്യാഖ്യാനനേതാക്കളിൽ ഒരുത്തനുമായ ഇദ്ദേഹം വായ്മൊഴി പ്രമാണം ഉണ്ടാക്കപ്പെട്ടിരിക്കുന്ന നിയമ സമൂഹത്തെ ക്രമീകരിക്കുന്നതിനുള്ള തൽമൂദ് വ്യവസ്ഥ ഏർപ്പെടുത്തി. മോശെയുടെ ന്യായപ്രമാണത്തിലെ അറുനൂറ്റി പതിമ്മൂന്നു കല്പനകളോടു ബന്ധപ്പെട്ട് യഹൂദന്മാരുടെ ഇടയിൽ രൂപീകൃതമായ നിരവധി ചട്ടങ്ങളെ ആറു വിഷയങ്ങളുടെ കീഴിൽ

ക്രമീകരിക്കുകയും പഴയനിയമത്തെ വിശദീകരിക്കുവാൻ ഏഴു വ്യാഖ്യാന നിയമങ്ങൾ പടുത്തുയർത്തുകയും ചെയ്തു.

(a) പ്രാധാന്യം കുറഞ്ഞതിൽ നിന്നു കൂടിയതിലേക്കും, കൂടിയതിൽ നിന്നു കുറഞ്ഞഥിലേക്കുമുള്ള അനുമാനം (സംഖ്യ 1:14).

പ്രാധാന്യം കുറഞ്ഞതിനു ബാധകമായിരിക്കുന്നതു പ്രാധാന്യമേറിയതിനും ബാധമായിരിക്കും എന്നതാണ് ഇതിനർത്ഥം. ഉദാഹരണത്തിന്, ഉത്സവത്തോടു ബന്ധപ്പെട്ടുള്ള നിയമം ശബ്ബത്തിനും (വലിയ ഉത്സവം) ബാധകമാണ്.

(b) സാമാന്യത്താലുള്ള അനുമാനം.

ഒരു സന്ദർഭത്തിലെ പ്രയാസവും അവ്യക്തവുമായ പദത്തിന്റെ അർത്ഥം മറ്റു സന്ദർഭങ്ങളിലെ അതേ പദത്താൽ നിശ്ചയിക്കുക എന്നത്രെ ഇതിന്റെ താൽപര്യം. ഇതിന് സാമ്യവും താരതമ്യവും തിരിച്ചറിയേണ്ടത് ആവശ്യമാണ്. ഉദാ: "ഇതു നിങ്ങൾക്ക് എന്നേക്കുമുള്ള ചട്ടം ആയിരിക്കേണം; ഏഴാം മാസം പത്താം തിയതി നിങ്ങൾ ആത്മതപനം ചെയ്യേണം; സ്വദേശിയും നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും യാതൊരു വേലയും ചെയ്യരുത്" (ലേവ്യ 16:29). "ആത്മതപനം" എന്നുള്ളതിനുള്ള എബ്രായ പദത്തിന് ഇവിടെ ആത്മാവിനെ അക്ഷരീകമായി പീഡിപ്പിക്കുക എന്നാണ് അർത്ഥം എങ്കിൽ ആവർത്തന പുസ്തകത്തിൽ "വിശന്നിരിക്കുക," എന്നായതിനാൽ മേൽ ഉദ്ധരിച്ച വാക്യം (ലേവ്യ 16:29) ഏഴാം മാസം പത്താം തിയതി ഉപവസിക്കുന്നതിനെയാണ് പരാമർശിച്ചിരിക്കുന്നത്.

(c) പ്രത്യേകമായതിൽ നിന്നു പൊതുവേ ഉള്ളതിലേക്ക് അനുമാനം അഥവാ കുറയ്ക്കൽ.

ഒന്നോ അതിലധികമോ പ്രത്യേക ഭാഗങ്ങളിൽ നിന്നും പൊതുവായ വിവക്ഷിതാർത്ഥങ്ങളെ വ്യവകലനം ചെയ്യുക എന്നത്രെ ഇതുകൊണ്ടു ഉദ്ദേശിക്കുന്നത്. ഉള്ളടകത്തിൽ സാമ്യമുള്ള ഭാഗങ്ങളെ ഒരു കുടുംബമായി കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ കൂട്ടത്തെ അതിന്റെ മുഖ്യഭാഗത്തിന്റെ അർത്ഥത്തിൽ നിന്നു രൂപംപ്രാപിച്ച ഒരു പൊതുസ്വഭാവമുള്ള കൂട്ടമായി പരിഗണിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഏതെങ്കിലും ഒരു ഭാഗത്തു വ്യക്തമല്ലാത്തതിനെ, മുഖ്യഭാഗത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ ഇതിനു കഴിയുന്നു. അതായത്, ഒരു സന്ദർഭത്തിൽ നൽകിയിരിക്കുന്ന വ്യവസ്ഥ എല്ലാ സന്ദർഭത്തിലും പ്രയോഗികം ആകുന്നു (ആവ 19:4-5).

(d) രണ്ടു ഭാഗങ്ങളെ മൂന്നാമത്തേതുകൊണ്ട് വിശദീകരിക്കുക.

ഇതു മൂന്നാമത്തെ നിയമം പോലെ ആകുന്നു. പല ഭാഗങ്ങൾക്കു പകരം രണ്ടെണ്ണമായി നാലാമത്തേതിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. രണ്ടു വ്യവസ്ഥകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രമാണത്തിന്റെ ആധാരത്തിന്മേൽ ഒരു പൊതു

ത്ത്വം ഉണ്ടാക്കുവാനുള്ളതാണ് ഈ നിയമം. ഉദാ: ഒരു ദാസനെ വിട്ടയക്കുന്നതിനുള്ള രണ്ടു വ്യവസ്ഥകൾ (പുറ 21:26,27) ശരീരത്തിലെ മറ്റെല്ലാ ഭാഗങ്ങൾക്കും ബാധകമാകുന്നു.

(e) പൊതുവായുള്ളതിൽ നിന്നു പ്രത്യേകമായതിലേക്കുള്ള അനുമാനങ്ങൾ

പൊതുവായ, കൂടുതൽ കൃത്യമായ തത്ത്വത്തിൽ നിന്ന് ഒരു പ്രത്യേക വിഷയത്തിനു നിഗമനം ചെയ്യുക എന്നാകുന്നു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാ: ഇരട്ടിയായി മടക്കിക്കൊടുക്കുക എന്നുള്ള നിയമം (പുറ 22:9) നഷ്ടപ്പെട്ട എന്തിനും പ്രയോഗികം ആകുന്നു.

(f) ഒരു ഭാഗത്തിനു വിശദീകരണം മറ്റൊരു ഭാഗത്തിന്റെ സാമ്യത്തിൽ നിന്നും നൽകുക.

ഒരു ഭാഗത്തിലുള്ള വിഷയത്തെ അതിനോടു സാമ്യമുള്ള മറ്റൊരു ഭാഗമായി താരതമ്യപ്പെടുത്തി വിശദീകരിക്കുവാൻ അങ്ങനെ കഴിയുന്നു. ഉദാ: "നിരന്തര ഹോമയാഗത്തിനും അതിന്റെ പാനീയ യാഗത്തിനും പുറമേ ഇതു ശബ്ബത്തു തോറുമുള്ള ഹോമയാഗം" (സംഖ്യ 28:10). "നിരന്തരം" എന്ന പദം ശബ്ബത്തിനും ആട്ടിൻകുട്ടിയെ കൊല്ലുവാൻ അനുവദിക്കുന്നു. അതിനാൽ പെസഹായുടെ ആദ്യനാൾ ശബ്ബത്തു ദിനത്തിൽ വന്നാലും പെസഹാക്കുഞ്ഞാടിനെ അറുക്കുന്നതിൽ പ്രശ്നമില്ല.

(g) സന്ദർഭത്തിൽ നിന്ന് അർത്ഥം വ്യക്തമാക്കുക

പുസ്തകത്തിലെ സ്വയം പ്രകടമായ അനുമാനങ്ങളെ പ്രയോഗിക്കുക എന്നാകുന്നു ഇതിനർത്ഥം. ഉദാ: "അതുകൊണ്ട് ആറാം ദിവസം അവൻ നിങ്ങൾക്കു രണ്ടു ദിവസത്തേക്കുള്ള ആഹാരം തരുന്നു; നിങ്ങൾ താന്താങ്ങളുടെ സ്ഥലത്തു ഇരിപ്പിൻ; ഏഴാം ദിവസം ആരും തന്റെ സ്ഥലത്തു നിന്നു പുറപ്പെടരുത് എന്നു കല്പിച്ചു" (പുറ 16:29). ഇതിന്റെ വെളിച്ചത്തിൽ, ഈ നിയമം, മരുഭൂപ്രയാണകാലത്തു മാത്രം പ്രയോഗീകമായിട്ടുള്ളതാണെന്നു റബ്ബിമാർ തീരുമാനിച്ചു. ഹില്ലേലിനു പിന്നാലെ വന്ന ശാസ്ത്രിമാർക്കു നിരവധി ദുർവ്യാഖ്യാനങ്ങൾ മെനയുവാൻ ഈ നിയമങ്ങൾ സഹായിച്ചു.

(2) ഷമ്മായ് : ഹില്ലേലിനെ തന്റെ സ്നേഹത്താലും താഴ്മയാലും ജനം അറിയപ്പെട്ടതാണെങ്കിൽ ഷമ്മായി ശീഘ്രകോപി ആയിരുന്നു. അവർ സമകാലീനർ ആയിരുന്നെങ്കിലും അവരുടെ പഠിപ്പിക്കലുകൾ പലപ്പോഴും നേർക്കുനേർ വൈരുദ്ധ്യമുള്ളതായിരുന്നു. യരുശലേമിന്റെ വീഴ്ചയ്ക്കുശേഷം (എ.ഡി.70) ഹില്ലേലിന്റെ സ്ഥാപനം പ്രബലപ്പെട്ടെങ്കിലും ഖണ്ഡിതവും കർശനവുമായി വ്യാഖ്യാനിച്ച ഷമ്മായിയുടെ പ്രധാന്യവും സ്വാധീനവും ക്രമേണ കുറഞ്ഞു കുറഞ്ഞു പോയി. താനും തന്റെ യഹൂദ നിയമ പാഠശാലയും ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യത്തെ പരിഗണക്കാതെ ജനത്തെ അന്ധവും അർത്ഥശൂന്യവുമായ അനുസരണത്തിലേക്കു നയിച്ചു. മഹാപാപ പരി

ഹാരദിനം, ശിശുവായിരുന്ന കൊച്ചു മകനെ, മരണത്തിനടുത്തോളം ഉപവസിപ്പിച്ചു. തുടങ്ങി പല നീച കാര്യങ്ങളു ഷമ്മായുടെ നാമത്തിന് അവകാശമായിട്ടുണ്ട്.
(3) ഗമാലീയേൽ : ഹില്ലേലിന്റെ പൗത്രനായ ഗമാലീയേൽ, പരീശനാകുവാനായി ശൗൽ പരിശീലനം നേടുമ്പോൾ, അവന്റെ ഗുരുവും (അപ്പോ.പ്ര.22:3, 5:34) ഗ്രീക്കു സാഹിത്യം പഠിച്ചവനും പഠിപ്പിക്കുന്നവും ജാതികളുടെ അവകാശങ്ങൾക്കും പദവികൾക്കുംവേണ്ടി വാദിച്ചവനും ആയിരുന്നു.

യഹൂദന്മാരുടെ അക്ഷരാർത്ഥത്തെ കുറിച്ചു പറയുമ്പോൾ പതിമൂന്നു വ്യാഖ്യാന നിയമങ്ങൾ മുൻപോട്ടു വെച്ച യിസ്മായേൽ, മുപ്പത്തി രണ്ടു നിയമങ്ങൾ രൂപീകരിച്ച എലെയാസർബെൻയോസ് (150 ഏ.ഡി) എന്നിവരെയും ഓർക്കേണ്ടതാണ്. പ്രത്യേകിച്ചും ഹില്ലേലിന്റെ വ്യാഖ്യാന നിയമങ്ങൾ യുക്തിപരമായ നിയമങ്ങൾക്ക് ഊന്നൽ നൽകുകയും അവർ അതു പ്രയോഗിക്കുകയും ചെയ്തെങ്കിലും ഒരക്ഷരത്തിനു മറ്റൊന്നു പകരം വെക്കുവാനും, പുതിയ പദങ്ങൾ രൂപീകരിക്കുവാനും, പദങ്ങൾക്കു സംഖ്യാമൂല്യം സങ്കൽപ്പിക്കുവാനും ഇത് ഉപയോഗിച്ചു. എബ്രായ അക്ഷരമൂല്യം അനുസരിച്ച് എല്യേസറിന്റെ സംഖ്യ മുന്നൂറ്റി പതിനെട്ട് ആകുന്നു. അബ്രഹാമിന്റെ ദാസന്മാരുടെ എണ്ണവും 318 ആയിരുന്നതിനാൽ എല്യേസർ അബ്രഹാമിന്റെ ബാക്കി സകല ദാസന്മാർക്കും തുല്യം ആകുന്നു എന്നു റബ്ബിമാർ വ്യാഖ്യാനിച്ചു. അതുപോലെ മരണം (സങ്കീ 68:20) എന്നുള്ളതിന്റെ എബ്രായ പദത്തിന്റെ സംഖ്യ 903 ആയതിനാൽ മരിക്കുന്നതിന് 903 വിധങ്ങൾ ഉണ്ടായിരിക്കണമെന്ന് അവർ ചിന്തിച്ചു. റബ്ബിമാരുടെ വ്യാഖ്യാനത്തിൽ നിന്നും അക്ഷര ഭക്തിയുടെ ദോഷം മനസ്സിലാക്കാം. അക്ഷരാർത്ഥ നിലപാടിന്റെ അപകടമായ അവസ്ഥയാണ് ആദ്യത്തേത്.

ബാബിലോണ്യൻ തൽമൂദ് പൂർത്തിയാക്കുന്നതു വരെയുള്ള (ഏ.ഡി. 10 ഏ.ഡി.550) റബ്ബിമാരുടെ രചനകളെ സംബന്ധിച്ച് അൽപമായി മനസ്സിലാക്കിയിരിക്കുന്നത് ഈ അവസരത്തിൽ ഉചിതമായിരിക്കും. മിഡ്രാഷയെക്കുറിച്ച് അൽപമായി മുൻപേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇതു കൂടാതെ, ആദിമ യഹൂദമതത്തിന്റെ നിയമവ്യവസ്ഥയെക്കുറിച്ചു പ്രമുഖ റബ്ബിമാരുടെ വായ്മൊഴിയായുള്ള ഉപദേശങ്ങളെ ആറ് വിഷയങ്ങളായി എഴുതി ക്രമീകരിച്ചിരിക്കുന്നതിനെ ആണു മിഷ്നാ എന്നു വിളിക്കുന്നത്. ഈ വിഭജനം തുടങ്ങിയത് ഹില്ലേൽ ആയിരുന്നെങ്കിലും നിലവിലുള്ളത് റബ്ബി അക്കിബയുടേത് ആകുന്നു (ഏ.ഡി.50–132). കൃഷി, ഏഴാമത്തെ സംവത്സരം, ദശാംശങ്ങൾ, ആശീർവാദങ്ങൾ ഇത്യാദിയെക്കുറിച്ചുള്ള (a) സെരായിം – പെരുന്നാളുകൾ, ഉപവാസങ്ങൾ, ശബ്ബത്തു നിയമങ്ങൾ എന്നിവയെ പറ്റിയുള്ള (b) മോഡ് – വിവാഹം, വിധവമാരുടെ സ്ഥാനം, ആണകൾ തുടങ്ങിയവയെ പ്രതിപാദിക്കുന്ന (c) നഷിം – പൗര കുറ്റ നിയമങ്ങൾ, പ്രതിജ്ഞകൾ മുതലായവയുടെ (d) നെസികിം (e)

യാഗങ്ങൾ, ഭോജനയാഗങ്ങൾ, ആദ്യജാതൻ, വേർപെടുത്തൽ, ദേവാലയത്തിന്റെ അളവുകൾ എന്നിവയെ സംബന്ധിച്ചുള്ള (f) കൊഡാഷിം – വിശുദ്ധ വസ്തുക്കൾ, മൃദുക്തിപരമായി അശുദ്ധവസ്തുക്കളെ കുറിച്ചു പറയുന്ന പാത്രങ്ങൾ, ശവത്താലുള്ള അശുദ്ധി, കുഷ്ഠം, ആർത്തവം മൂലം സ്ത്രീകൾക്കു ആവശ്യ മായി വരുന്ന ആചാരാനുസരണമായ ശുദ്ധീകരണ കഴുകൽ, ലൈംഗിക വേഴ്ച, കുഷ്ഠരോഗവുമായുള്ള സമ്പർക്കം തുടങ്ങിയവയെപ്പറ്റിയുള്ള (g) തൊഹറൊട്ട് – ശുദ്ധിയുള്ള വസ്തുക്കൾ എന്നിവയാണ് ഈ ആറു വിഷയങ്ങൾ. ക്രിസ്തുവിനു ശേഷം രണ്ടാം നൂറ്റാണ്ടിൽ തന്നെ മിഷ്ണയുടെ നിരവധി ശേഖരങ്ങൾ പ്രചാരത്തിൽ ഉണ്ടായിരുന്നെങ്കിലും മൂന്നാം നൂറ്റാണ്ടോടുകൂടി പിതാവായ യൂദായുടെ ശേഖരണത്തിന് അധികം ആനുകൂല്യം ലഭിക്കുകയും അതിനെ ഔദ്യോഗികമായി മിഷ്ന എന്ന് അറിയപ്പെടുകയും ചെയ്തു. മിദ്രാഷിമിലും മിഷ്നയിലും ഉള്ള ഉള്ളടക്കം ഹലാഖയൊ ഹഗ്ഗാദയൊ ആകുന്നു. യൂദായുടെ മുമ്പുണ്ടായിരുന്ന മിഷ്നയിൽ നിയമനിർമ്മാണത്തിന്റെ ആധികാരികതയ്ക്കുവേണ്ടി ബൈബിളിൽ നിന്നു ചുരുക്കം ഉദ്ധരിണികളേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ, ഔദ്യോഗിക അഥവാ കാനോനികമായ മിഷ്നയിൽ നൂറ്റി അൻപത് അധികൃതരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. യഹൂദന്മാരുടെ വ്യാഖ്യാനം ഔദ്യോഗിക മിഷ്നയിൽ അവസാനിക്കാതെ അതിൽ പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നവരും, അങ്ങനെ വ്യാഖ്യാനത്തിന്റെ വ്യാഖ്യാനമായി തുടർന്നുകൊണ്ടിരുന്നു. ഇവയെ ഒരുമിച്ചു കൊണ്ടുവരുന്നതിനുള്ള സംരംഭത്തിന്റെ ഫലമായിരുന്നു തൽമൂദുകളുടെ നിർമ്മാണം. പലസ്തീനിയൻ തൽമൂദ് – ഏ.ഡി.450, ബാബിലോണിയൻ തൽമൂദ് – ഏ.ഡി.500 ഏ.ഡി.550 എന്നീ രണ്ടു തൽമൂദുകളാണു (യഹൂദ പാരമ്പര്യ നിയമഗ്രന്ഥം) ഉള്ളത്. ഇതിൽ ആദ്യത്തേതു പൂർത്തീകരിക്കപ്പെടുന്നതിനു മുമ്പേ തിബെര്യാസിൽ ഉണ്ടായിരുന്ന യഹൂദ പണ്ഡിത പാഠശാല അടയ്ക്കപ്പെട്ടു പോയതിനാൽ അതു അപൂർണ്ണവും ബാബിലോൺ തൽമൂദിനെക്കാൾ ചെറുതും ആകുന്നു. മിദ്രാഷിമും മിഷ്നയും, വ്യത്യസ്തമായ അളവിലും ബന്ധത്തിലും ഹലാഖായും ഹഗ്ഗാദായും അടങ്ങുന്ന വിശാലമായ സാഹിത്യ സമാഹാരം ഉൾക്കൊള്ളുന്ന തൽമൂദുകളിൽ റബ്ബിമാരുടെ എബ്രായ ഭാഷയും അരാമ്യ ഭാഷയും അടങ്ങിയിരിക്കുന്നു. യഹൂദന്മാരുടെ വ്യാഖ്യാന രംഗത്ത് തന്നായീം – ഏ.ഡി. 10 ഏ.ഡി.220, അമൊരായിം – ഏ.ഡി.220-500 ഏ.ഡി. എന്നീ രണ്ടു വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. മിഷ്ന രചിച്ച പണ്ഡിതന്മാരായ വ്യാഖ്യാതാക്കളെ തന്നായീം എന്നും അവരുടെ വ്യാഖ്യാനങ്ങളെ വിശകലനം ചെയ്യുന്നവരെ അമൊരായിം എന്നും വിളിച്ചു. മിഷ്നയ്ക്ക് അവർ നൽകിയ വ്യാഖ്യാനമാണ് ഗെമറാ. രണ്ടുതരം സാഹിത്യ രൂപങ്ങൾ, രണ്ട് ഉള്ളടക്കങ്ങൾ, രണ്ടുവിഭാഗം വ്യാഖ്യാതാക്കൾ മുതലായവ റബ്ബി സാഹിത്യത്തിന്റെ പ്രത്യേ

കത ആകുന്നു.

2. രൂപകഥാരൂപ വ്യാഖ്യാനത്തിന്റെ ഉയർച്ച : ചരിത്രപരമായി ഗ്രേക്കരാണ് രൂപകഥ രൂപീകരിച്ചത്. അവരുടെ മതപുരാണങ്ങളിൽ അസാന്മാർഗ്ഗികവും അസ്വീകാര്യവുമായ വളരെയധികം കാര്യങ്ങൾ ഉണ്ടായിരുന്നതിൽ, ഈ പുരാണകഥകളെ അക്ഷരാർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു മറിച്ച് അതിന്റെ യഥാർത്ഥ പൊരുൾ അതിന്റെ ആഴത്തിൽ മറഞ്ഞു കിടക്കുന്നുവെന്നു കാണിക്കുവാൻ, ഗ്രീക്കു തത്വചിന്തകന്മാർ അവയെ രൂപകഥാവിഷ്കരണം ചെയ്തു. ഹോമർ, ഹെസോയ്ട് മുതലായവരുടെ രചനകളിൽ ഗ്രീക്കു ദേവന്മാരുടെ മനുഷ്യ രൂപാരോപണവും അധാർമ്മികതയും കണ്ട് അവർ അമ്പരന്നുപോയതാണ് അതിനു കാരണം. രൂപകഥ ആക്കുന്നതിൽ കൂടി സ്വന്തം ആശയങ്ങളെ പ്രോത്സാഹിപ്പിക്കുവാനും (സ്റ്റോയ്ക്കുകൾ, ഖേരെമൻ, ക്ലീൻതസ്) അവർക്കു കഴിഞ്ഞു. വളർത്തുമകൻ ഹിപ്പൊളിറ്റസുമായി അനുരാഗത്തിലായ ഫേഡോ, മൂന്നു തലകളുള്ള ടൈഫനെ പരാജയപ്പെടുത്തിയ സ്യൂസ് (ജൂപ്പിറ്റർദേവൻ), കൂട്ടക്കൊലയിൽ പ്രീതി കണ്ട ഗ്രീസുകാരുടെ യുദ്ധദേവൻ അരസ് തുടങ്ങിയവ യവന ചിന്തകരിൽ തലവേദന ഉളവാക്കി. അക്ഷരാർത്ഥത്തിന്റെ അടിയിൽ ഒളിഞ്ഞിരിക്കുന്ന യഥാർത്ഥ അർത്ഥം കണ്ടെത്തുവാൻ തത്വചിന്തകന്മാർ ഈ കഥകളെ രൂപകഥകളാക്കി പ്രശ്നത്തിനു പരിഹാരം വരുത്തി. രൂപകഥയിൽ ആളുകൾക്കും വസ്തുക്കൾക്കും, സംഭവങ്ങൾക്കും സന്ദർഭത്തിൽ ഉള്ളതിൽ നിന്നും വേറൊരു അർത്ഥമാണുള്ളത്. അക്കാലത്തു ജീവിച്ചിരുന്ന യഹൂദന്മാർ സാങ്കൽപിക പുരാണങ്ങളെ മനസ്സാ അംഗീകരിച്ചിരുന്നു എന്നു വേണം കരുതുവാൻ. ഇതു സ്വാഭാവികമായും ഹഗ്ഗദാ വ്യാഖ്യാന തത്വങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളതാകുന്നു. പഴയ നിയമത്തിലെ മനുഷ്യ രൂപാരോപണം ഒഴിച്ചു ബാക്കി എല്ലാം തന്നെ ലോകപരിജ്ഞാനം ഇല്ലാത്ത വായനക്കാർക്കും കൂടി മനസ്സിലാക്കുവാൻ പ്രയാസമില്ലാത്ത നിലയിൽ ആയിരുന്നതിനാൽ ക്രിസ്തുവിനു രണ്ടു നൂറ്റാണ്ടുകൾക്കു മുൻപ് രചിച്ച സെപ്റ്റ്വജന്റിൽ നിന്ന് അവയെ നീക്കം ചെയ്യുവാൻ കരുതിക്കൂട്ടിയുള്ള ശ്രമം നടന്നിട്ടുണ്ട്.

"യഹോവ യുദ്ധവീരൻ" (പുറ 15:3)
"യഹോവ യുദ്ധങ്ങളെ തകർക്കുന്നു"
"യഹോവ......അനുതപിച്ചു" (പുറ 32:14)
"യഹോവ.....മനസ്സലിഞ്ഞു"
"യഹോവയുടെ രൂപം" (സംഖ്യ 12:8)
"യഹോവയുടെ മഹത്വം"

ഹഗ്ഗാദാ തത്ത്വങ്ങൾ, എബ്രായ പഴയനിയമത്തോടുള്ള അന്ധവിശ്വാസപരമായ ഭയഭക്തിക്കും ജാതീയ ഭാഷയായ ഗ്രീക്കിലേക്കുള്ള വിവർത്തനം, അതിന്റെ ആദിമമഹത്വം നഷ്ടപ്പെടുത്തുന്നതിനും കാരണമായി.

(a) അലക്സാന്ത്രിയിലെ രൂപകഥാപ്രയോഗം : ഈജിപ്തിലുള്ള അലക്സാന്ത്രിയ അത്രെ യഹൂദന്മാരുടെ രൂപകഥാപരമായ വ്യാഖ്യാനത്തിന്റെ കേന്ദ്രസ്ഥാനം. ഈ വ്യാഖ്യാന രീതിയുമായി ഗ്രീക്കു തത്ത്വചിന്തകനും ഗണിതശാസ്ത്ര വിദഗ്ദ്ധനുമായ പ്ലേറ്റോയ്ക്ക്. പരിചയം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം അതിനെ എതിർത്തിരുന്നു. ഹോമറിനെ ആദ്യമായി രൂപകഥാപരമാക്കിയത് തെയോജെനസ് ആയിരുന്നു എന്നു കരുതപ്പെടുന്നു. ഗ്രീക്കു ചിന്തയിൽ കൂടിയാണ് രൂപകഥാപരമായ വ്യഖ്യാനവിധം അലക്സാന്ത്രയിലെ യഹൂദമതത്തിൽ കടന്നു കൂടിയത്. ഈ രീതി അവലംബിച്ചാൽ അവരുടെ വിശ്വാസത്തെ പ്രതിരോധിക്കുവാൻ സാധിക്കും എന്നു യഹൂദന്മാർ മനസ്സിലാക്കി. ബൈബിൾ കഥാപാത്രങ്ങളും സംഭവങ്ങളും മറ്റു കാര്യങ്ങളെ പ്രതിനിധീകരിക്കുന്നതാണെന്നും, പ്രതീകാത്മകമായി ആഴമേറിയ ആത്മികവും ധാർമ്മികവുമായ അർത്ഥങ്ങൾ പ്രകടിപ്പിക്കുന്നതാണെന്നു സങ്കൽപ്പിച്ചാൽ ഇത് എളുപ്പമായി.

അരിസ്റ്റൊബുലസ് (160 ബി.സി) ഒരു പണ്ഡിതനും പുരോഹിതനും എബ്രായ തിരുവെഴുത്തുകളെ ടോളമി ഫലഡെൽഫിനു വേണ്ടി വിവർത്തനം ചെയ്ത എഴുപതു പേരിൽ ഒരാളാണെന്ന് കരുതപ്പെടുന്നു. മോശെ യഥാർത്ഥത്തിൽ ഗ്രീക്കു തത്ത്വശാസ്ത്രമാണു പഠിപ്പിച്ചതെന്നും, ഗ്രീക്കു ചിന്തകന്മാർ അവരുടെ ആശയങ്ങൾ മോശെയിൽ നിന്നു കടമെടുത്തത് ആയതിനാൽ രൂപകഥാ ആവിഷ്കാരത്തിൽ കൂടി അല്ലാതെ മോശെയുടെ ഉപദേശങ്ങളെ വ്യക്തമാക്കുവാൻ സാധ്യമല്ല എന്നും താൻ വാദിച്ചു.

ഫിലോ (20 ബി.സി. ഏ.ഡി.54) ആയിരുന്നു യഹൂദ സ്ഥാപനങ്ങളെയും ആശയങ്ങളെയും ഗ്രീക്കു സംസ്കാരവും തത്ത്വചിന്തയുമായി ഇണക്കുന്നതിന് ഏറ്റവും വലിയ സംഭാവന ചെയ്തത്. ദൈവത്തിനു യോഗ്യമല്ലാത്തതൊന്നും വിശ്വസിച്ചുകൂടാ എന്നുള്ള പ്ലേറ്റോയുടെ മൗലിക തത്ത്വമാണ് അലക്സാന്ത്രയിലെ യഹൂദന്മാർ വ്യാഖ്യാനത്തിന് ആധാരമായി അംഗീകരിച്ചത്. അവരുടെ ഈ തത്ത്വചിന്തയോട് യോജിക്കാത്ത വസ്തുതകൾ പഴയനിയമത്തിൽ എവിടെ കണ്ടാലും അതിനെ രൂപകഥാപരമായി വ്യാഖ്യാനിച്ചു. പ്ലേറ്റോയുടെയും പൈതഗോറസിന്റെയും ഗ്രീക്കു തത്ത്വചിന്തകളാൽ സ്വാധീനിക്കപ്പെട്ടു രൂപകഥാപരമായ വ്യാഖ്യാനവിധം മുഖ്യരീതിയായി സ്വീകരിച്ച അലക്സാന്ത്രയിൽ നിന്നുള്ള യഹൂദ തത്ത്വജ്ഞാനിയും, സ്റ്റോയ്സിസം, നിയൊ-പ്ലേറ്റോണിസം മുതലായ തത്ത്വശാസ്ത്രങ്ങളിലെ ആശയങ്ങളെ അംഗീകരിക്കുകയും ചെയ്ത ഫിലൊ; മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലും ഈ ആശയങ്ങൾ

അടങ്ങിയിട്ടുണ്ടെന്നു കാണിക്കുവാൻ അവയെ രൂപകഥാപരമായി വ്യാഖ്യാനിച്ചു. പുസ്തകത്തിന്റെ അക്ഷരാർത്ഥത്തെ ഫിലൊ പൂർണ്ണമായും നിരാകരിച്ചില്ലെങ്കിലും അത് അപക്വരായ വായനക്കാർക്കുവേണ്ടി ഉള്ളതാണെന്നും രൂപകഥാപരമായിട്ടുള്ള അർത്ഥം പക്വമതികൾക്കായുള്ളതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ദേഹവും ദേഹിയും എന്നതുപോലെ എല്ലാ തിരുവെഴുത്തിനും അക്ഷരാർത്ഥത്തിലുള്ളത് രൂപ കഥാപരമായുള്ളത് എന്നീ രണ്ട് അർത്ഥങ്ങൾ ഉണ്ട് എന്ന് അദ്ദേഹം വിശ്വസിച്ചു. "ദൈവം ഒരിക്കൽ അരുളിച്ചെയ്തു ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു." (സങ്കീ 62:11) എന്നുള്ള വേദഭാഗമാണ് ഇതിന് ആധാരമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. ശരീരത്തെക്കാൾ ദേഹിക്കു പ്രധാന്യമുള്ളതുപോലെ യഥാർത്ഥ അക്ഷരീക അർത്ഥത്തെക്കാൾ രൂപകഥാപരമായ അർത്ഥത്തിനാണ് പ്രാധാന്യം എന്നു താൻ കരുതുന്നു. ഉദാ (ഉല്പ 2:10).

പീശോൻ – വിവേകം, ഗീഹോൻ, ആത്മനിയന്ത്രണം, ഹിദ്ദേക്കൽ – ധൈര്യം, ഫ്രാത്ത് – നീതി, ന്യായം.

ഏതെല്ലാം സാഹചര്യങ്ങളിലാണ് രൂപകഥാപരമായ വ്യഖ്യാനം സ്വീകരിക്കേണ്ടത് എന്നും താൻ പ്രസ്താവിച്ചിട്ടുണ്ട്.

(1) അക്ഷരികാർത്ഥം ദൈവത്തിനു യോഗ്യമല്ലാത്തു പറയുന്നുണ്ടെങ്കിൽ
(2) ഒരു പ്രസ്താവന മറ്റൊന്നിനു പരസ്പര വിരുദ്ധം ആയെങ്കിൽ
(3) ഒരു കൃതി രൂപകഥ ആകുന്നു എന്ന് അവകാശപ്പെട്ടെങ്കിൽ
(4) ആവിഷ്കരണങ്ങൾ ഇരട്ടിക്കുകയോ പദങ്ങൾ അധികപറ്റായി ഉപയോഗിക്കുകയോ ചെയ്തെങ്കിൽ
(5) അറിയാവുന്ന ഒന്ന് ആവർത്തിക്കുന്നുണ്ടെങ്കിൽ
(6) ഒരു ആവിഷ്കരണം വ്യത്യസ്തമാണെങ്കിൽ
(7) പര്യായപദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ
(8) പദങ്ങളുടെ മേലുള്ള കളി സാധ്യമാണെങ്കിൽ
(9) വചനത്തിലോ, കാലത്തിലോ അസാധാരണമായി എന്തെങ്കിലും ഉണ്ടെങ്കിൽ
(10) പ്രതീകങ്ങൾ ഉണ്ടെങ്കിൽ

രൂപകഥാപരമായ വ്യാഖ്യാനം പുസ്തകം ആവശ്യപ്പെടാത്ത സന്ദർഭങ്ങളിൽ പോലും ഫിലൊയും കൂട്ടരും അങ്ങനെ ചെയ്തു.

II. യേശുക്രിസ്തുവും വ്യാഖ്യാനവും:

യേശുക്രിസ്തുവിന്റെ കാലത്ത് യഹൂദന്മാരുടെ വ്യാഖ്യാനത്തെ അക്ഷരാർത്ഥപരമായത്, മിഡ്രാഷ് തരത്തിലുള്ളത്, പെഷെർ, രൂപകഥാപരമായത് എന്നിങ്ങനെ മുഖ്യമായും നാലായി തരം തിരിക്കാം. അക്ഷരാർത്ഥപരമായ വ്യാഖ്യാനം ആയി

രുന്നു മറ്റു വ്യാഖ്യാനവിധങ്ങൾക്ക് ആധാരമായിരുന്നത്. അന്നു യഹൂദന്മാരുടെ ഇടയിൽ വിവിധ വ്യാഖ്യാനവിധങ്ങൾ നിലവിൽ ഉണ്ടായിരുന്നു എങ്കിലും സാധാരണമായ അക്ഷരാർത്ഥ രീതിയായിരുന്നു നാഥൻ ഉപയോഗിച്ചത് (ലൂക്കൊ 4:16-21). രൂപകഥാപരമായ വ്യഖ്യാനവിധം ആയിരുന്നില്ല. കല്പനകളെ വിശദീകരിക്കുമ്പോൾ പഴയനിയമത്തെ വളരെ തനിമയുള്ള രീതിയിലായിരുന്നു അവിടന്ന് ഉപയോഗിച്ചത്. യേശുക്രിസ്തു ആരാകുന്നു എന്നും തന്റെ ദൗത്യം എന്താണെന്നും ക്ലെയൊപ്പാവിനോടും മറ്റെ ശിഷ്യനോടും വിശദീകരിക്കുമ്പോൾ (ലൂക്കൊ 24:27) പഴയനിയമ തിരുവെഴുത്തുകളെ ആധാരമാക്കി ചരിത്രപരമായി വ്യക്തമാക്കി എന്നുള്ളതും ശ്രദ്ധേയം തന്നെ. അപ്പോൾ തന്നെ, ദൈവപുത്രൻ, നിലവിലിരുന്ന ഹലാഖാ-ഹഗ്ഗാദാ വ്യാഖ്യാന രീതികളെ നിന്ദിക്കുകയും ചെയ്തു. യേശുക്രിസ്തുവിനെ ഒരു വ്യാഖ്യാതാവ് എന്ന നിലയിൽ നിരീക്ഷിച്ചാൽ ചില കാര്യങ്ങൾ വേഗത്തിൽ ബോധ്യമാകും.

1. പഴയനിയമ തിരുവെഴുത്തുകളെ ആധികാരിതയെ പരിപൂർണ്ണമായും അംഗീകരിച്ചു.

2. പഴയനിയമം ദൈവികമായുള്ള പുസത്കം ആകുന്നു എന്നുള്ള കാര്യത്തിൽ ഏതെങ്കിലും സംശയമോ അതു സംബന്ധിച്ചു യാതൊരു നിരൂപണമോ ഉണ്ടായിരുന്നില്ല.

3. ചരിത്രവിവരണങ്ങളെ ചരിത്രരേഖകളായി സ്വീകരിച്ചു (ആദാം, ഹാബേൽ, നോഹ, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്, മോശെ, ദാവീദ് ശലോമോൻ, യോനാ, യെശയ്യാവ്).

4. ചരിത്രരേഖയെ വിശദീകരിക്കുമ്പോൾ രൂപകഥാപരമായ അർത്ഥം നൽകാതെ ആ ഭാഗത്തിൽ നിന്നു സാധാരണമായ അർത്ഥം നൽകി.

5. പഴയനിയമത്തിന്റെ അർത്ഥം വ്യക്തമാക്കുമ്പോൾ യേശുക്രിസ്തുവിന്റെ വ്യാഖ്യാനവിധം പൂർണ്ണമായും നൂതനം ആയിരുന്നെങ്കിലും അക്ഷരീകം, ആത്മീയം, രൂപകഥാപരം മുതലായ അർത്ഥതലങ്ങൾ കണ്ടുപിടിക്കുന്ന ബുദ്ധിപരമായ പുതിയ വ്യാഖ്യാനവിധം പ്രയോഗിച്ചില്ല.

6. മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം പഴയനിയമത്തിൽ ദർശിച്ച യേശുവിന് അതിന്റെ ആത്മീയ മൂല്യത്തിൽ ആയിരുന്നു താൽപര്യം.

7. ദാവീദിന്റെ വാക്കുകൾക്കുള്ള ബഹുമതി പരിശുദ്ധാത്മാവിനു നൽകി (മർക്കൊ 12:36)

8. ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുന്ന ശാസ്ത്രിമാരെയും മറ്റും, "നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും; കണ്ണാൽ കാണും ദർശിക്കയില്ല താനും" (മത്തായി 13:14) എന്നു വിശേഷിപ്പിക്കുകയം, "തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു" (മത്തായി 22:29) എന്നു സാദൂക്യരെ

ശാസിക്കുകയും, ഏലിയാവിനെക്കുറിച്ചുള്ള മലാഖിയുടെ പ്രവചനത്തെ (മലാ 4:5) ദൂതവാക്യമായി ചേർത്തുവെച്ചു (ലൂക്കൊ 1:17) താൻ യോഹന്നാൻ സ്നാപകനിൽ വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നുള്ള ശാസ്ത്രിമാരുടെ തെറ്റായ നിലപാടിനു ചുവടു പിടിച്ചുള്ള ശിഷ്യന്മാരുടെ അക്ഷരികമായുള്ള വ്യഖ്യാനത്തെ തിരുത്തി, ഏലിയാവിന്റെ ആത്മാവും ശക്തിയുമാണ് സ്നാപക യോഹന്നാനിൽ മടങ്ങിയെത്തിയത് എന്ന് അവർക്കു ബോധ്യമാക്കി കൊടുക്കുകയും ചെയ്തെങ്കിലും (മത്തായി 11:14, 17:10-13) യേശുക്രിസ്തു തിരുവെഴു ത്തിനെ അസ്വഭാവികമായോ നിയമാനുസൃതമല്ലാതെയോ പ്രയോഗിച്ചു എന്നു കുറ്റപ്പെടുത്തുവാൻ പരീശന്മാർക്കോ ശാസ്ത്രിമാർക്കോ ഒരിക്കലും കഴിഞ്ഞില്ല.

9. ക്രിസ്തു കേന്ദ്രീകൃതമായി വ്യാഖ്യാനിച്ചു (ലൂക്കൊ 24:27).

10. പഴയനിയമത്തെ പുതിയതുമായി ബന്ധപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ ആഗമനത്തോടെ വ്യഖ്യാനത്തിൽ വലിയ മാറ്റം സംഭവിച്ചു. പഴയനിയമത്തിന്റെ ശരിയായ അർത്ഥം ആയിരുന്നില്ല പ്രശ്നം, മറിച്ചു അതിനു താനും അതിന്റെ ലക്ഷ്യവുമായുള്ള ബന്ധം ആയിരുന്നു (യിരെ 7:11, മത്താ 31:13, മർക്കൊ 11:17, സങ്കീ 118:22-23, മത്തായി 21:42).

യേശുക്രിസ്തു ഒരു റബ്ബി ആയിരുന്നില്ല എന്നു മാത്രമല്ല അവരുടെ പാഠശാലയിൽ നിന്നുള്ള പരിശീലനവും നേടിയിരുന്നില്ല. എങ്കിലും അവരുടെ വ്യാഖ്യാനവിധങ്ങളെ തനിക്കു നന്നായി പരിചയം ഉണ്ടായിരുന്നു. ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാവ് എന്നുള്ള അധികാരത്തിൽ ആയിരുന്നു തന്റെ വാക്കുകൾ (മർക്കൊ 1:22). അവന്റെ ഉപദേശങ്ങളുടെ ഉറവിടം അവൻ തന്നെ ആകുന്നതിനാൽ ഉയർന്ന മറ്റൊരു അധികാരത്തോടും താൻ പുനർവിചാരണ ആവശ്യപ്പെട്ടില്ല. തന്റെ ഉദ്ദേശങ്ങളെ കൂടുതൽ ബലപ്പെടുത്തുന്നതിനുവേണ്ടിയാണ് നാഥൻ പഴയനിമയത്തിൽ നിന്ന് ഉദ്ധരിച്ചത്. ഒന്നാം നൂറ്റാണ്ടിൽ, പരീശന്മാർ അവരുടെ വായ്മൊഴി പാരമ്പര്യം പഴയനിയമത്തോടു ചേർത്തു വെയ്ക്കുവാൻ മിഡ്രാഷ് രൂപത്തിലുള്ള വ്യാഖ്യാനവും, പ്രവാചക മർമ്മങ്ങളെ പ്രാപിച്ചവരും വിശ്വസ്ത ശേഷിപ്പും എന്നു സ്വയം വിശ്വസിച്ച ഖുമ്റാൻ സമൂഹം മിഡ്രാഷ്, പെഷെർ വ്യാഖ്യാനവിധവും പഴയനിയമത്തെ ഗ്രീക്കു തത്ത്വശാസ്ത്രവുമായി നിരപ്പാക്കുവാൻ താൽപ്പര്യപ്പെട്ട ഫിലൊയും അനുയായികളും രൂപകഥാപരമായ വ്യാഖ്യാനവിധവും തുടർന്നപ്പോൾ യേശുക്രിസ്തു അവയെ തള്ളിക്കളഞ്ഞു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയം ആകുന്നു.

III.അപ്പൊസ്തലന്മാരും വ്യാഖ്യാവും

അപ്പൊസ്തലന്മാരും ബൈബിൾ ദൈവനിശ്വാസീയമായ വചനം എന്ന നിലയിൽ അവരുടെ കർത്താവിനെ തന്നെയാണ് മാതൃകയാക്കിയത്. അപ്പൊസ്തലന്മാരുടെ വ്യാഖ്യാന രീതികൾ പരിശോധിച്ചാൽ ബോധ്യമാകുന്ന ചില വസ്തുതകൾ

ഉണ്ട്.

1. പഴയനിയമം ദൈവനിശ്വാസീയമായ വചനം ആകുന്നു (2 തിമൊ 3:16, 2 പത്രൊ 1:25).

2. പഴയനിയമത്തിന്റെ ചരിത്രപരമായ സൂക്ഷ്മത അവർക്കു സ്വീകാര്യം ആകുന്നു (അപ്പൊ.പ്രവൃ.7:9–50).

3. യേശുക്രിസ്തു റബ്ബിമാരുടെ വ്യാഖ്യാന സമീപനം ഉപയോഗിച്ചില്ലെങ്കിലും പുതിയനിയമ എഴുത്തുകാർ പലപ്പോഴും അവരുടെ യഹൂദ പൈതൃകം ഉപയോഗിച്ചു.

4. രൂപകഥാപരമായ വ്യാഖ്യാനം സ്വീകരിച്ചെങ്കിലും (ഗലാ 4:21–32) അതിന്റെ ചരിത്രകൃത്യത നിരസിക്കാതെ പൗലൊസിന്റെ ജീവിതത്തിൽ അതിന്റെ സമാന്തരം ദർശിക്കുന്നു.

7. ക്രിസ്തുകേന്ദ്രീകൃതം ആയിരുന്നു (ഹോശേയ 11:1).

പഴയനിയമത്തിലെ പദത്തിന്റെ രീതിക്കു വ്യത്യസ്തമായ നിലയിൽ പുതിയനിയമ എഴുത്തുകാർ ഉദ്ധരിച്ചിരിക്കുന്നതായി കാണാം. ക്രിസ്തുവിന്റെ സമയത്ത് പലസ്തീനിൽ എബ്രായ, അരാമ്യ, ഗ്രീക്കു ഭാഷകളിലുള്ള നിരവധി പഴയനിയമ പരിഭാഷകൾ പ്രചാരത്തിൽ ഉണ്ടായിരുന്നു എന്നുള്ളതാണ് അതിനുള്ള ഒരു കാരണം. ഇവയിലെ എല്ലാ പദരീതികൾ ഒരേപോലെ ആയിരുന്നില്ല. മറ്റൊരു കാരണം, പദാനുപദമായി ഉദ്ധരിക്കുന്നു എന്ന് അവകാശപ്പെടുന്നില്ലെങ്കിൽ, പ്രത്യേകിച്ചും മൂലഭാഷയിൽ നിന്നു വ്യത്യസ്തമായ വേറൊരു ഭാഷയിൽ നിന്നാകുമ്പോൾ, വാക്കിന് വാക്കായി ഉദ്ധരിക്കണമെന്നു നിർബന്ധം ഇല്ല. ഒരു ഗ്രന്ഥകർത്താവിന്റെ ആശയത്തെ അതേ വാക്കുകളിൽ അല്ലാതെ വിശദീകരിക്കുന്നത്, പറയുന്ന വ്യക്തിക്കു വിഷയത്തിലുള്ള അതിപ്രാവീണ്യമായി കണക്കാക്കിയിരുന്നു എന്നുള്ളതാണു വേറൊരു കാരണം. അതിനാൽ അവർ പ്രമാണം തെറ്റിയുള്ള വ്യാഖ്യാനവിധങ്ങൾ ഉപയോഗിച്ചു എന്ന് പറയുവാൻ കഴിയുകയില്ല.

പഴയനിയമത്തിലെ ചില ഭാഗങ്ങളെ അസ്വാഭാവികമായും നിയമവിരുദ്ധവുമായ രൂപകഥാപരമായ വിധത്തിൽ പുതിയനിയമ എഴുത്തുകാർ വ്യാഖ്യാനിച്ചു എന്നുള്ളതു വലിയ പ്രശ്നമായി പലർക്കും തോന്നാറുണ്ട് (1 കൊരി 10:4, ഗലാ 3:16). സാറായുടെയും ഹാഗാറിന്റെയും കാര്യത്തിൽ (ഗലാ 4:22–31) രൂപകഥ അത്രെ അപ്പോസ്തലന്മാർ ഉപയോഗിക്കുന്നത്. പഴയനിയമം ക്രിസ്തുവിൽ നിവൃത്തിയായി എന്നു ബോധ്യമുള്ള പൗലൊസ് ആ ബന്ധം വിശദീകരിക്കുവാൻ രൂപകഥാപരമായ വിധം ഉപയോഗിക്കുകയാണു ചെയ്യുന്നത്. അതായത്, ക്രിസ്തുവിന്റെ ഉടമ്പടി യഹൂദനുമായുള്ള ഉടമ്പടിയെ പിമ്പിലാക്കിയ വിധത്തെ കാണിക്കുവാൻ താൻ ഉല്പത്തി 16:15 നെ രൂപകഥാപരമായി വ്യാഖ്യാനിക്കുന്നു. ദൈവവുമായി യാതൊരു ഉടമ്പടിയും

ചെയ്യാത്തവരെ ദാസിയായ ഹാഗാറും, ഉടമ്പടി ചെയ്ത മുഴുവൻ യഹൂദന്മാരെ സ്വത ന്ത്രയായ സാറായും പ്രതിനിധാനം ചെയ്യുന്നു എന്നു രൂപകഥാപരമായി പൗലൊസ് വ്യാഖ്യാനിക്കുന്നു. ഇത് പുസ്തകത്തിന്റെ അക്ഷരീകമായ വ്യാഖ്യാനമല്ല, മറിച്ച് വിശ്വാസത്തിൽ നിന്നു രൂപപ്പെട്ട, പൗലൊസിന്റെ ഭാവനാപരമായ അറിവ് ആകുന്നു. മാനസാന്തരപ്പെടുന്നതിന് മുമ്പു പൗലൊസ് തന്റെ മതത്തിലും പാരമ്പര്യത്തിലും (ഗലാ1:13-14) അഭിമാനപ്പെട്ടിരുന്നു എങ്കിലും അതിനുശേഷം നൽകിയ "യഹൂദകഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിനും അവരെ കഠിനമായി ശാസിക്ക" (തീത്തൊ 1:14). "മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞു നില്ക്ക" (തീത്തൊ 3:9). "ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാഭങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നില്ക്ക" (1 തീമൊ 6:20). "തത്ത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ" (കൊലൊ 2:8) എന്നീ ഉപദേശങ്ങളിലും മുന്നറിയിപ്പുകളിലും യഹൂദ മിദ്രാഷിമിലേക്കും ഊഹാപോഹങ്ങളിലേക്കും ചായുന്ന അന്നത്തെ പ്രവണതയ്ക്ക് എതിരായുള്ള സൂചനയുണ്ട്. ഹഗ്ഗാദാപരമായ വ്യാഖ്യാനത്തിനോ യഹൂദാ പാരമ്പര്യത്തിനോ ഹെല്ലെനിസ്റ്റുകളുടെ ഊഹാപോഹങ്ങൾക്കോ രൂപകഥാപരമായ വ്യാഖ്യാനത്തിനോ യേശുക്രിസ്തുവോ അപ്പൊസ്തലന്മാരോ പ്രോത്സാഹനം നൽകിയില്ല എന്നുള്ളതാണ് സത്യം. സെപ്റ്റ്വജന്റിൻ പ്രകാരം പതിനാറാം സങ്കീർത്തനത്തിൽ നിന്നു ഉദ്ധരിച്ചുകൊണ്ട് (സങ്കീ 16:8-11) പെന്തക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിക്കുമ്പോൾ (അപ്പൊ.പ്ര.2:25-31) അതിനെ രൂപകഥാപരം ആക്കാതെ യേശുക്രിസ്തുവിൽ അക്ഷരീകമായി നിറവേറി എന്നു വിശദീകരിക്കുന്നു. തിരുവെഴുത്തിനെ സംബന്ധിച്ചു രൂപകഥാപരമായി വിശദീകരിക്കത്തക്കവണ്ണം മനുഷ്യരാൽ നിർമ്മിക്കപ്പെട്ട കടങ്കഥയാണ് അത് എന്ന ധാരണ പത്രൊസിന് ഇല്ലായിരുന്നു (2 പത്രൊ 1:19-21). എങ്കിലും തന്റെ നിര്യാണത്തോട് അടുത്ത കാലത്തു തന്നെ വ്യാഖ്യാനത്തിൽ പ്രശ്നങ്ങൾ ഉടലെടുത്തിരുന്നു എന്നുള്ള സൂചനയാണ് ലഭിക്കുന്നത് (2 പത്രൊ 3:3,15).

ചുരുക്കത്തിൽ പുതിയനിയമത്തിൽ കാണുന്ന പഴയനിയമ പരാമർശങ്ങളിൽ ഒട്ടുമുക്കാലും ചരിത്രത്തെ ചരിത്രമായും, പ്രതീകങ്ങളെ പ്രതീകമായും, കവിതയെ കവിതയായും അഥവാ ഒരു ആശയവിനിമയത്തെ വ്യാഖ്യാനിക്കുന്നതിന് അംഗീകരിക്കപ്പെട്ടിട്ടുള്ള സാധാരണമായ നിയമങ്ങൾ അനുസരിച്ചാണ് യേശുക്രിസ്തുവും അപ്പൊസ്തലന്മാരും വ്യാഖ്യാനിച്ചത്. പഴയനിയമ ഭാഗങ്ങളെ പുതിയനിയമ എഴുത്തുകാർ അസാധാരണമായ രീതിയിൽ വ്യാഖ്യാനിച്ചിരിക്കുന്നു എന്നു തോന്നാവുന്ന

ഏതാനും വിശദീകരണങ്ങളെ ബൈബിൾ കാലത്തു നിലവിലുണ്ടായിരുന്ന വ്യാഖ്യാനവിധങ്ങൾ അറിയുമ്പോൾ മനസ്സിലാക്കാൻ പ്രയാസമില്ല.

## IV. സഭാപിതാക്കന്മാരും വ്യാഖ്യാനവും (ഏ.ഡി.100-600)

### A. ആദിമസഭാപിതാക്കന്മാരും വ്യാഖ്യാനവും

അപ്പൊസ്തലന്മാരുടെ വ്യാഖ്യാന സമ്പ്രദായത്തിനു വിരോധമായി തുടർന്നു ചില നൂറ്റാണ്ടുകളോളം നീണ്ടുനിന്ന സഭാപിതാക്കന്മാരുടെ കാലത്തു രൂപകഥാപരമായ വ്യാഖ്യാനമാണ് സഭയിൽ ആധിപത്യം സ്ഥാപിച്ചിരുന്നത്. പഴയനിയമത്തെ ഒരു ക്രൈസ്തവ ഗ്രന്ഥമായി മനസ്സിലാക്കുക എന്നുള്ള താൽപര്യമായിരുന്നു ഇതിന്റെ പിമ്പിൽ ഉണ്ടായിരുന്നത് എങ്കിലും പിതാക്കന്മാരുടെ ഈ നടപടി ഗ്രന്ഥകർത്താവ് ഉദ്ദേശിച്ച അർത്ഥത്തെ ചിലപ്പോൾ പൂർണ്ണമായും അവഗണിക്കുന്നതിനും എഴുത്തുകാരൻ ചിന്തിക്കാത്ത ആശയങ്ങൾ പുസ്തകത്തിൽ നിന്ന് ഊഹിച്ചു മെനഞ്ഞെടുക്കുന്നതിനും കാരണമായി. അപ്പോസ്തലിക കാലത്തിനു ശേഷമുള്ള നൂറ്റാണ്ടുകളിൽ തിരുവെഴുത്തുത്തിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ച് വിവിധ ചിന്തകളിലുള്ള പാഠശാലകൾ രൂപീകൃതമായി. മുഖ്യമായും രൂപകഥാപരമായ വ്യാഖ്യാനവുമായി ബന്ധപ്പെട്ട അലക്സാന്ത്രിയൻ സ്കൂൾ പുസ്തകത്തിന്റെ ആത്മീയ അർത്ഥത്തെ അക്ഷരീക അർത്ഥത്തിൽ നിന്നു വേർപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നു വിശ്വസിച്ച അന്ത്യോക്യൻ സ്കൂൾ (ചിന്താധാര), ഈ രണ്ടു ചിന്താധാരകളുടെയും വ്യാഖ്യാനവിധങ്ങളുടെ തത്ത്വങ്ങൾ ഉൾക്കൊണ്ട വെസ്റ്റേൺ സ്കൂൾ എന്നിവ ഇതിന് ഉദാഹരങ്ങൾ ആകുന്നു.

ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏറ്റവും ആദ്യത്തെ സഭാപിതാക്കന്മാരുടെ വ്യാഖ്യാന രീതിയെപ്പറ്റി കാര്യമായ അറിവ് ഇല്ലെങ്കിലും പഴയനിയമം ക്രിസ്തുവിങ്കലേക്കു വിരൽ ചൂണ്ടുന്നു എന്ന് അവർ മനസ്സിലാക്കിയിരുന്നതായി വിശ്വസിക്കുവാൻ കാരണമുണ്ട്. രണ്ടാം നൂറ്റാണ്ടിലും മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഉണ്ടായിരുന്ന ചില വ്യക്തികളെ നോക്കാം.

1. റോമിലെ ക്ലെമന്റ് (ഏ.ഡി.30-95) : ക്ലെമന്റ് പഴയനിയമത്തെ ക്രിസ്തുവിനായുള്ള തയ്യാറെടുപ്പായി കണക്കാക്കി. പഴയനിയമത്തിൽ നിന്നു നെടുനീളെ ഉദ്ധരിക്കുമ്പോൾ തന്നെ തന്റെ പ്രബോധനങ്ങളെ ബലപ്പെടുത്തുവാൻ പുതിയനിയമത്തെയും ഉപയോഗിച്ചു. രാഹാബിന്റെ ചുവപ്പു ചരട് (യോശുവ 2:18) വിശ്വാസത്തിന് ഉദാഹരണമായും, ദൈവത്തിൽ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന സകലർക്കും കുഞ്ഞാടിന്റെ രക്തത്താലുള്ള വീണ്ടെടുപ്പിനെ മുൻകൂട്ടി പ്രദർശിപ്പിക്കുന്നതായി പ്രവചനത്തെയും താൻ കണ്ടു. എങ്കിലും പുനരുത്ഥാനത്തിന്റെ ഉപദേശം സ്ഥാപിക്കുവാൻ, ഫീനിക്സ് എന്ന ഐതിഹ്യ പക്ഷിയെ ഉദ്ധരിക്കുന്നു. (ഈ പക്ഷി തന്റെ

മരണം അടുക്കുമ്പോൾ സുഗന്ധദ്രവ്യങ്ങൾ കൊണ്ട് ഒരു ശവകുടീരം തീർത്ത് അതിൽ പ്രവേശിക്കുകയും, തന്റെ ശവം അഴുകുമ്പോൾ അതിൽ നിന്ന് ഒരു പുഴു പുറത്തു വന്നു വളർന്ന് ഒരു പുതിയ പക്ഷിയായി മാറുകയും, ഓരോ 500 വർഷത്തിലും ഇത് ആവർത്തിക്കുകയും ചെയ്യുന്നു).

2. ഇഗ്നേഷ്യസ് (ഏ.ഡി.35–107): യേശുക്രിസ്തുവിനോടുള്ള വിശ്വസ്തയ്ക്ക് ഊന്നൽ കൊടുക്കുകയും, ദുരുപദേശത്തിനും ഭിന്നതയ്ക്ക് എതിരെ മുന്നറിയിപ്പു നൽകുകയും ചെയ്ത ഇഗ്നേഷ്യസ് സാധാരണയായി രൂപകഥാപരമായതും സൗഹാർദ്ദപരമല്ലത്തതുമായ വ്യാഖ്യാനങ്ങളെ ഒഴിവാക്കി.

3. സ്മുർന്നയിലെ പോളികാർപ്പ് (ഏ.ഡി. 70–155): അപ്പോസ്തലന്മാരുടെ അന്തിമ നാളുകളിൽ ജീവിച്ചിരുന്ന പോളികാർപ്പ് യോഹന്നാന്റെ ശിഷ്യനും സ്മുർന്നയിലെ ബിഷപ്പും ആയിരുന്നു. ഫിലിപ്പയർക്കുള്ള തന്റെ കത്തുകളിൽ പഴയ–നിയമങ്ങളിൽ നിന്നും കൂടെക്കൂടെ ഉദ്ധരിച്ചിട്ടുണ്ട്. അന്നു പുതി യനിയമ സഭയ്ക്കു വെല്ലുവിളിയായിരുന്ന ജ്ഞാനവാദവുമായി താൻ ഏറ്റുമുട്ടുകയും പലരേയും ക്രിസ്തുവിങ്കലേക്കു തിരിക്കുകയും ചെയ്തു.

4. ബർന്നബാസ് (early 2nd century): ഫിലൊയുടെ മാതൃകയിലുള്ള മാർമ്മീക രൂപ കഥാപരമായ വ്യാഖ്യാനമാണ് ബർന്നബാസിന്റെ ലേഖനത്തിൽ കാണുന്നത്. അസംബന്ധമായ ഈ വിശകലനം ഫിലൊയുടെ രചനകളെ അറിയാവുന്ന ഏതോ അലക്സാന്ത്രിയ ക്രിസ്ത്യാനി എഴുതിയതാണെന്നു ചിന്തിക്കുവാൻ കാരണമുണ്ട്. ഒരു ഉടമ്പടി മാത്രമേ ഉള്ളൂ എന്നും, തുടക്കത്തിൽ തന്നെ യഹൂദന്മാർ അതിനെ തെറ്റിദ്ധരിച്ചു എന്നും പഠിപ്പിച്ച ബർന്നബാസിനു പഴയനിയമത്തിലെ സ്പഷ്ടമായ അവകാശവാദങ്ങളെ അക്ഷരീകമായി കാണുവാൻ കഴിഞ്ഞില്ല. ഓരോ സംഖ്യക്കും പൊരുൾ കണ്ടെത്തുന്ന രീതി താൻ സ്വീകരിച്ചു.

5. മാർസിയൊൻ (ഏ.ഡി.85–160): എബ്രായ തിരുവെഴുത്തുകളും പുതിയനിയമ ഗ്രന്ഥങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ഏകദേശം ഏ.ഡി.140 മുതൽക്കേ ചോദ്യങ്ങൾ ഉന്നയിച്ചു തുടങ്ങിയിരുന്നു. പൊന്തസ്സിൽ നിന്നു റോമിൽ വന്ന കപ്പൽനിർമ്മാതാവും വലിയ സ്വാധീനമുള്ളവനുമായ മാർസിയൊൻ, എബ്രായ തിരുവെഴുത്തുകളെ സഭയിൽ നിന്നു നീക്കംചെയ്യുവാൻ സമ്മർദ്ദം ചെലുത്തി. പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിനു യേശുക്രിസ്തുവിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവവുമായി പൊരുത്തം ഇല്ല എന്നു താൻ വിശ്വസിച്ചു. പൗലൊസിന്റെ ലേഖനങ്ങളെയും ലൂക്കൊസിന്റെ സംശോധന ചെയ്ത സുവിശേഷത്തെയും മാത്രമേ തിരുവെഴുത്തിന്റെ ഭാഗമായി പരിഗണിക്കുവാൻ നിർദ്ദേശിച്ചുള്ളൂ. ബർന്നബാസ് തെറ്റായ ചരിത്ര നിഗമനത്തിൽ എത്തിയപ്പോൾ മാർസിയൊൻ തെറ്റായ ദൈവശാ

സ്ത്രപരമായ അനുമാനങ്ങളിൽ വീണു.
6. ജസ്റ്റിൻ മാർട്ട്യർ (ഏ.ഡി. 100-164): ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ചുള്ള ഏറ്റവും ആദ്യത്തെ സാധൂകരിക്കുന്ന വിശദീകരണങ്ങൾ തത്വചിന്തകനായ ജസ്റ്റിൻ മാർട്ട്യറുടെ പക്കലാണുള്ളത്. താൻ ക്രിസ്ത്യാനിത്വത്തെ അത്യുത്സാഹത്തോടെ സ്നേഹിക്കുന്നവനും അതിനെ പ്രതിരോധിക്കുന്നവനും ഗ്രീക്കു തത്വശാസ്ത്രത്തിൽ അതിനിപുണനും ആയിരുന്നു. ശമര്യയിൽ നിന്നുള്ള ഇദ്ദേഹം യഹൂദനായ ട്രൈഫൊയുമായുള്ള സംവാദത്തിൽ മാർസിയൊനെ എതിർക്കുന്നുണ്ട്. പഴയനിയമത്തിൽ ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു എന്ന് ഊന്നി പറഞ്ഞെങ്കിലും പഴയനിയമത്തെ അതിരു കവിഞ്ഞ രീതിയിൽ വ്യാഖ്യാനിച്ചു. ലേയ യഹൂദനെയും റാഹേൽ സഭയെയും, യാക്കോബു ഇരുവരെയും സേവിക്കുന്ന ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു. അഹരോനും ഹൂരും മോശെയുടെ കൈ ഉയർത്തിപ്പിടിച്ച സംഭവം (പുറ 17:12) ക്രൂശിനെ പ്രതിനിധാനം ചെയ്യുന്നു എന്നും താൻ പറഞ്ഞു.
7. ഐറെന്യസ് (ഏ.ഡി.130-202)

പോളികാർപ്പിന്റെ ശിഷ്യനും അപ്പൊസ്തലനുമായ യോഹന്നാനെ നേരിൽ കണ്ടു സംസാരിച്ചിട്ടുള്ളവനും ചെറുപ്പകാലം ഏഷ്യാ മൈനറിലും (സ്മുർന്ന) പിന്നീടു പ്രിസ്ബിറ്ററായും തുടർന്നു ലിയൊൺസിലെ ബിഷപ്പായി ഫ്രാൻസിലും ജീവിച്ച ഐറെന്യസ്, തിരുവെഴുത്തുകളുടെ ഹൃദയം യേശുക്രിസ്തു ആകുന്നു എന്നും, അവ്യക്തമായ ഭാഗങ്ങളെ വ്യക്തമായവകൊണ്ടു വ്യാഖ്യാനിക്കണം എന്നും പഠിപ്പിച്ചു. ജ്ഞാനമാർഗ്ഗക്കാർക്കും അവരുടെ വിചിത്രാലംകൃതമായ വ്യാഖ്യാനങ്ങൾക്കും എതിരായി ബൈബിളിനെ അതിന്റെ സ്പഷ്ടമായ സ്വാഭാവിക നിലയിൽ മനസ്സിലാക്കണം എന്നും, പഴയനിയമത്തെ തള്ളിക്കളഞ്ഞ വാലെന്റിനിയൻസ്, മാർസിയൊനൈറ്റസ് മുതലായ മറ്റ് ദുരുപദേശക്കാരോടു ബൈബിൾ (പഴയനിയമം) അംഗീകാരം ആകുന്നു എന്നും ഊന്നിപ്പറഞ്ഞു. പഴയനിയമം ക്രിസ്ത്യാനികൾക്കു സ്വീകരിക്കാവുന്നതാണെങ്കിലും അതു നിറയെ പ്രതിരൂപങ്ങൾ ആകുന്നു എന്നു നിരൂപിച്ചു. ചില സന്ദർഭങ്ങളിൽ തന്റെ പ്രതിരൂപങ്ങൾ രൂപകഥയായും തീർന്നിട്ടുണ്ട്. ഉദാഹരണത്തിനു രാഹാബ് ഒളിപ്പിച്ചു വെച്ച ഒറ്റുനോക്കുകാർ പിതാവായ ദൈവത്തിനും പുത്രനായ ദൈവത്തിനും പരിശുദ്ധാത്മാവയ ദൈവത്തിനും പ്രതിരൂപങ്ങൾ ആകുന്നു എന്നു കാണിക്കുവാൻ അവരുടെ എണ്ണം രണ്ടിനു പകരം (യോശുവ 2) മൂന്നാകുന്നു എന്നു പറഞ്ഞു. ദുരുപദേശക്കാരായ എതിരാളികളോട് ശരിയായ വ്യാഖ്യാനത്തിനായി താൻ നിർബന്ധം ചെലുത്തിയെങ്കിലും സഭ എന്തു പഠിപ്പിക്കുന്നുവോ അതായിരുന്നു തന്റെ വ്യാഖ്യാനത്തിന്റെ മാനദണ്ഡം. സഭയാണ് ആധികാരികമായ വ്യാഖ്യാതാവ് എന്നുള്ള ആശയത്തിന് ഇതു തുടക്കം കുറിച്ചു. ശരിയായ വ്യാഖ്യാനത്തിന് ഐറേന്യസ് കരു

തിയ മാനദണ്ഡമാണ് അപ്പൊസ്തലിക പിൻതുടർച്ചയായുള്ള വിശ്വാസപ്രമാണമായി സഭകളിൽ കാത്തു സൂക്ഷിച്ചിരിക്കുന്നത്. ഇതിനെ പാരമ്പര്യ പ്രകാരമുള്ള വ്യാഖ്യാനം എന്നു വിളിക്കാം. അക്ഷരീകമായാലും, ആലങ്കാരികമായാലും, രൂപകഥാപരമായാലും, സഭയുടെ പഠിപ്പിക്കലുമായി അതിന് പൊരുത്തമുണ്ടോ എന്നുള്ളതിനാണ് ഇവിടെ പ്രസക്തി.

8. കാർത്തേജിലെ തെർത്തുല്യൻ (എ.ഡി.160-220): ക്രിസ്തുവിന്റെ സകല സഭകൾക്കും അപ്പൊസ്തലന്മാരിൽ നിന്നും സംപ്രേ ക്ഷണം ചെയ്യപ്പെട്ടു എന്നു കരുതുന്ന വിശ്വാസപ്രമാണത്തിനും ഇദ്ദേഹം കൂടുതൽ ഊന്നതൽ നൽകി. തിരുവെഴുത്തുകൾ സഭയുടെ സ്വത്ത് ആകുന്നു എന്ന് വ്യാഖ്യാനിച്ചു. ബൈബിളിന്റെ വ്യാഖ്യാനത്തിനുവേണ്ടി അപ്പൊസ്തലിക സഭയ്ക്കുള്ള അധികാരത്തെക്കുറിച്ച് ആദ്യമായി വാദിച്ചതും ഇദ്ദേഹം തന്നെ എന്നു കരുതാം. പൊതുവെ ബൈബിളിന്റെ പ്രകടമായ അക്ഷരീക അർത്ഥം നിലനിർത്തുവാൻ ആഗ്രഹിച്ചു എങ്കിലും, രൂപകഥാപരമാകുന്നു എന്നു ജ്ഞാനമാർഗ്ഗക്കാരെയും അവരുടെ വ്യാഖ്യാനങ്ങളെയും കുറപ്പെടുത്തിയ രൂപകഥാപരമാക്കി. ബൈബിൾ ആദിമ അർത്ഥത്തിലും സന്ദർഭത്തിലും മനസ്സിലാക്കണം എന്നു വിശ്വസിച്ചെങ്കിലും ഐറേന്യസിനെ പോലെ തന്റെ പ്രതിരൂപങ്ങൾ പലപ്പോഴും രൂപകഥകളായി മാറ്റപ്പെട്ടു. അങ്ങനെ "ദൈവത്തിന്റെ ആത്മാവു വെള്ള ത്തിൽ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (ഉല്പത്തി 1:2) എന്നുള്ളതിനു സ്നാനം എന്നുള്ള വ്യാഖ്യാനം വന്നു. ചുരുക്കത്തിൽ ആദിമസഭ പിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ മൂലം - ജസ്റ്റിൻ മാർട്ടിൻ, ഐറേന്യസ്, തെർത്തുല്യൻ രൂപകഥാവിഷ്കരണം വാദിച്ചു സാധൂകരിക്കുന്ന നിലയിലേക്കു ആകുകയും, പ്രതിരൂപീകരണം രൂപകഥാവിഷകരണത്തിലേക്കു വഴുതിവീഴുകയും സഭയുടെ അധികാരം ദുരുപദേശത്തെ എതിർക്കുന്നതിനുള്ള ആയുധമായും മാറി.

B. അലക്സാന്ത്ര്യൻ സഭാപിതാക്കന്മാരും വ്യാഖ്യാനവും: ക്രിസ്തുവിനു നൂറ്റാണ്ടുകൾക്കു മുൻപു തന്നെ ഈജിപ്തിലെ അലക്സന്ത്രിയ അക്ഷരങ്ങളോട് അമിത ആദരവു കാണിക്കുകയും അതുമൂലം അബദ്ധകരമായ പല വ്യാഖ്യാനങ്ങളും ഉടലെടുത്തുവെന്നും നമ്മൾ കണ്ടുകഴിഞ്ഞു. ഈ നഗരം യഹൂദാ മതവും ഗ്രീക്കുതത്ത്വവും തമ്മിൽ സമ്മേളിച്ച ഇടം ആയിരുന്നതിനാൽ (ഏഷ്യൻ യോഗികൾ, യഹൂദറബ്ബിമാർ, ഗ്രീക്കു-റോമൻ തത്ത്വചിന്തകന്മാർ) അവർ തമ്മിൽ ആശയങ്ങൾ കൈമാറുകയും അലക്സാന്ത്രിയ ഒരു പഠനകേന്ദ്രമായി മാറുകയും ചെയ്തു. അന്യജാതിക്കാരായ തത്ത്വചിന്തകന്മാർ വളരെ കാലം മുമ്പു മുതൽക്കേ ഹോമറിന്റെ വ്യാഖ്യാനവിധം ഏറ്റവും ലളിതമായ വിവരണത്തിന്റെമേൽ പോലും പ്രയോഗിക്കുകയും ഫിലൊ അതിന് ആധികാരികത നൽകുകയും ചെയ്തു. മൂന്നാം നൂറ്റാണ്ടിലും പ്ലേറ്റൊയുടെ

തത്ത്വശാസ്ത്രം നൂതനമായത്, ജ്ഞാനവാദം എന്നീ രൂപങ്ങളിൽ പ്രചരിച്ചിരുന്നു. വളരെ നേരത്തെ തന്നെ ക്രിസ്ത്യാനിത്വം ഈജിപ്തിലും വടക്കേ ആഫ്രിക്കയിലും പരന്നിരുന്നു. രൂപകഥാപരമായ വ്യാഖ്യാനത്തിന്റെ സ്വാധീനത്തിൽപ്പെട്ട്, മതത്തെയും തത്ത്വശാസ്ത്രത്തെയും തമ്മിൽ പൊരുത്തപ്പെടുത്തുന്ന ഒരു വ്യാഖ്യാനവിധം രൂപപ്പെട്ടു എന്നുള്ളത് സ്വാഭാവികം മാത്രം ആകുന്നു. അതുകൊണ്ടു തന്നെ അലക്സന്ത്ര്യയിലെ പ്രസിദ്ധമായ മതോപദേശ പാഠശാല അവിടെ ജനകീയമായിരുന്ന ഈ തത്ത്വശാസ്ത്രത്തിന്റെ സ്വാധീനത്തിൽ പെടുകയും അതിന്റെ ബൈബിൾ വ്യാഖ്യാനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു എന്നുള്ളതിൽ അത്ഭുതപ്പെടുവാൻ അവകാശമില്ല.

1. പാന്റേനസ് (ഏകദേശം 190)

അലക്സാന്ത്ര്യയിലെ മതോപദേശ പാഠശാലയുടെ അറിയപ്പെടുന്ന ഏറ്റവും ആദ്യത്തെ അദ്ധ്യാപകൻ പാന്റേനസ് ആകുന്നു. അലക്സന്ത്ര്യയിലെ ക്ലെമന്തിന്റെ അദ്ധ്യാപകനായിരുന്ന ഇദ്ദേഹം തന്നെയായിരുന്നു ഏകദേശം 160 എ.ഡിയിൽ മതോപദേശ പാഠശാല സ്ഥാപിച്ചത്.

2. അലക്സാന്ത്ര്യയിലെ ക്ലെമന്ത് (ഏ.ഡി. 155-216): ബൈബിൾ ദൈവനിശ്വാസീയം ആകുന്നു എന്നു ക്ലെമന്ത് വിശ്വസിച്ചുവെങ്കിലും ബൈബിളിലെ എല്ലാ ഭാഗങ്ങളും രൂപകഥാപരമായി മനസ്സിലാക്കണം എന്നു വിശ്വസിച്ച ഇദ്ദേഹമാണ് ആദ്യമായി പഴയനിയമത്തിന്മേൽ രൂപകഥാപരമായ വ്യാഖ്യാനവിധം പ്രയോഗിച്ചത്. യഹൂദ രൂപകഥാവ്യാഖ്യാതാവായ ഫിലൊയുടെ സ്വാധീനത്തിൽപ്പെട്ട ഇദ്ദേഹം, എല്ലാ തിരുവെഴുത്തുകളും പ്രതീകാത്മകമായ നിഗൂഢഭാഷയിലാണ് സംസാരിക്കുന്നതെന്നും; ബൈബിളിലെ ഒരു ഭാഗത്തിന് ചരിത്രപരം, ഉപദേശപരം, പ്രവചനപരം, തത്ത്വശാസ്ത്രപരം, മാർമ്മീകം എന്നിങ്ങനെ കുറഞ്ഞത് അഞ്ച് അർത്ഥങ്ങൾ സാധ്യമാണെന്നും പഠിപ്പിച്ചു. ഇവയെ യഥാക്രമം യഥാർത്ഥ ചരിത്രസംഭവം ധാർമ്മികവും ദൈവശാസ്ത്രപരവുമായ ഉപദേശം, പ്രതിരൂപങ്ങളും പ്രവചനങ്ങളും, പ്രകൃതി വസ്തുക്കളിലും ചരി ത്രവ്യക്തികളിലും രൂപകഥകൾ, പ്രകൃതിസംഭവങ്ങൾ വ്യക്തികൾ എന്നിവയിൽ നിഗൂഢമായിരിക്കുന്ന ആഴത്തിലുള്ള ധാർമ്മികവും ആത്മീയവുമായ അർത്ഥം എന്ന് മനസ്സിലാക്കേണ്ടതാകുന്നു.

3. ഓറിഗൻ (ഏ.ഡി.185-254): ഓറിഗൻ ആയിരുന്നു ഒന്നാമത്തെ വ്യവസ്ഥാനുസൃതമായ ദൈവശാസ്ത്രജ്ഞൻ എന്നു വേണമെങ്കിൽ പറയാം. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് (1 തെസ്സ 5:23) എന്നിങ്ങനെ മൂന്നു ഘടകങ്ങൾ ഉള്ളതുപോലെ അക്ഷരാർത്ഥം (ദേഹം), ധാർമ്മിക അർത്ഥം (ദേഹി), രൂപകഥാപരമായ അർത്ഥം (ആത്മാവ്) എന്നീ മൂന്ന് ആശയങ്ങൾ തിരുവെഴുത്തിനും ഉണ്ട് എന്നു താൻ വിശ്വസി

ച്ചു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ആത്മീയ അർത്ഥം ആയതിനാൽ താൻ അധികവും രൂപകഥാപരമായ വിശദീകരണത്തിൽ സമയം ചെലവാക്കി. അതിന്റെ ഫലമായി ബൈബിളിന്റെ അക്ഷരീകമായ അർത്ഥത്തെ പാടെ അവഗണിച്ചു. ബൈബിൾ മുഴുവനും സമസ്യകളെയും ഉപലകളെയും ധാർമ്മിക പ്രശ്നങ്ങൾ കൊണ്ടും നിറഞ്ഞിരിക്കുന്നതിനാൽ അതിലെ പല ഭാഗങ്ങളും അക്ഷരാർത്ഥത്തിൽ എടുത്താൽ യുക്തിഹീനവും അസംബന്ധവും ആകുന്നു എന്ന് താൻ അനുമാനിച്ചു. സൂര്യനെയോ ചന്ദ്രനെയോ സൃഷ്ടി ക്കുന്നതിനു മുമ്പേ ഉള്ള ദിവസങ്ങൾ, ഏദെൻ തോട്ടത്തിലുള്ള ദൈവത്തിന്റെ നടത്തം, ലോത്ത്, നോഹ, താമാർ മുതലായവരുടെ അധാർമ്മിക പ്രശ്നങ്ങൾ ഇത്യാദി ഇവയിൽ പെടുന്നു. ഫിലൊയുടെയും അലക്സന്ത്രിയിലെ ക്ലെമന്തിന്റെയും ശിഷ്യനും പുരാതന സഭാചരിത്രത്തിലെ ഏറ്റവും വലിയ ബൈബിൾ വിമർശകനും ദൈവശാസ്ത്രജ്ഞനുമായ ഓറിഗൻ, നോഹയെ ക്രിസ്തു എന്നും നോഹയുടെ പെട്ടകത്തെ സഭ എന്നും, അബ്രഹാമിന്റെ ദാസനു വേണ്ടി റിബേക്ക കിണറ്റിൽ നിന്നു വെള്ളം കോരുന്നതിനെ – യേശുക്രിസ്തുവിനെ കണ്ടുമുട്ടുവാൻ ഒരാൾ ദിനംതോറും ദൈവ വചനത്തിന്റെ അടുത്തേക്കു വരണമെന്നും, യരുശലേമിൽ പ്രവേശിക്കുന്നതിനായി യേശുക്രിസ്തു ഉപയോഗിച്ച രണ്ടു കഴുതകൾ പഴയനിയമവും പുതിയനിയമവും എന്നും രൂപകഥാപരമായി വ്യാഖ്യാനിച്ചു. വ്യാഖ്യാതാവ് എന്തു ചിന്തിക്കുന്നു എന്നല്ലാതെ എഴുത്തുകാരൻ എന്ത് ഉദ്ദേശിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് ഇത്തരം വിശദീകരണങ്ങൾ ഒന്നും തന്നെ പറയുന്നില്ല. ഡെ പ്രിൻസിപീസ് എന്ന ബൈബിൾ വ്യാഖ്യാനത്തിനു പുറമെ സെൽസസിനു എതിരെയുള്ള പ്രബന്ധം, നിരവധി കമന്ററികൾ, ധർമ്മോപദേശങ്ങൾ, തർക്കിച്ചു സാധൂകരിക്കുന്ന രചനകൾ, ടെട്രാപ്ലാ, എബ്രായ ഗ്രന്ഥത്തിലും അതിന്റെ ഗ്രീക്കു മൊഴിമാറ്റവും അതിനു സമാന്തരമായുള്ള നാലു പട്ടികകളിൽ നാലു ഗ്രീക്കു വിവർത്തനങ്ങൾ – സെപ്റ്റജിന്റ്, അക്യുനിലയുടേത്, സിമ്മാഖസിന്റേത്, തിയൊഡൊഷൻ എന്നിവ ചേർത്തുവെച്ചുള്ള ഹെക്സ്പ്ലാ മുതലായ കൃതികളും രചിച്ചിട്ടുണ്ട്. അലക്സാന്ത്രിയൻ പിതാക്കന്മാർ എല്ലാവരും തന്നെ രൂപകഥാപരമായി വ്യാഖ്യാനിക്കുന്നവർ ആയിരുന്നു.

C. അന്ത്യോക്യൻ സഭാപിതാക്കന്മാരും വ്യാഖ്യാനവും: അന്ത്യോക്യയിലെ തിയൊഫിലസിന്റെ (ഏ.ഡി.115-188) രചനകളിൽ നിന്നു തന്നെ ഔപചാരികവും ചിട്ടയോട് കൂടിയതുമായ വ്യാഖ്യാനത്തെ സംബന്ധിച്ച് അറിയുവാൻ കഴിയും. സുവിശേഷങ്ങളെയും സദൃശ്യവാക്യങ്ങളെയും സംബന്ധിച്ചു താൻ രചിച്ച കമന്ററികളിൽ നിന്നും അന്ത്യോക്യ സഭയുടെ വ്യാഖ്യാന ചായ്‌വു ഗ്രഹിക്കാവുന്നതാണ്. ശിഷ്യന്മാരെ ആദ്യമായി "ക്രിസ്ത്യാനി" എന്നു സംബോധന ചെയ്യപ്പെട്ട അന്ത്യോക്യ യിൽ (അപ്പോ.

(പ്ര.11:26), ഏകദേശം നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, അലക്സാന്ത്രയിലെ രൂപകഥാപരമായ വ്യാഖ്യാനത്തിന് എതിരായുള്ള ചരിത്ര – നിരൂപണപരമായ വ്യാഖ്യാനവിധം സ്ഥാപിക്കപ്പെട്ടു. അലക്സാന്ത്രിയൻ പിതാക്കന്മാർക്കു തിരുവെഴുത്തിന്റെ അക്ഷരാർത്ഥത്തോടുള്ള അനാദരവു കണ്ടുമടുത്ത അന്ത്യോക്യർ സഭയിലെ നിരവധി സഭാനായകന്മാർ, എബ്രായ ഗ്രീക്കു ഭാഷാപഠനത്തിനും അതോടൊപ്പം ബൈബിളിന്റെ ചരിത്രപരവും അക്ഷരീകവുമായ വ്യാഖ്യാനത്തിനും ഊന്നൽ നൽകി. പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ യോജിപ്പിക്കുവാൻ തിരുവചനത്തെ രൂപകഥാപരം ആക്കുന്നതിനു പകരം പ്രതിരൂപവും ഭാവികഥനവും അതിന് ആധാരമാക്കി കണക്കാക്കി. വാസ്തവത്തിൽ, സിറിയയിലെ അന്ത്യോക്യൻ പണ്ഡിതന്മാരുടെ ഈ ഉദ്യമം യഹൂദന്മാരുടെ അക്ഷരഭക്തിക്കും അലക്സാന്ത്രിയരുടെ രൂപകഥാപരമായുള്ള വ്യാഖ്യാനത്തിനും എതിരായുള്ള പ്രതികരണം ആയിരുന്നു. ഒരു പഴയനിയമ സംഭവത്തിന്റെ ചരിത്രപരമായ അർത്ഥത്തിനു അധീതമായി അധികം ആത്മീയമായ മറ്റൊരു അർത്ഥം രൂപകഥാപരമായ വ്യാഖ്യാനം തേടുമ്പോൾ, ഒരു ചരിത്രസംഭവത്തിന് ഉള്ളിൽ തന്നെ അതിന്റെ ആത്മീയ അർത്ഥം അന്തർലീനമായിരിക്കുന്നുവെന്ന് അന്ത്യോക്യൻ പണ്ഡിതന്മാർ വിശ്വസിച്ചു. ഉദാഹരണത്തിന് അബ്രാംഹാരാൻ വിട്ട സംഭവത്തെ (ഉല്പ 12:4), ഇന്ദ്രിയങ്ങളാൽ തിരിച്ചറിഞ്ഞതു മൂലമുള്ള തിരസ്കരണമെന്ന് രൂപകഥാപരമായി വ്യാഖ്യാനിക്കുന്നവർ മനസ്സിലാക്കുമ്പോൾ, വിശ്വാസത്തിന്റെയും ആശയത്തിന്റെയും പ്രവൃത്തിയായി അന്ത്യോക്യൻ വ്യാഖ്യാനം വിശദീകരിക്കുന്നു. അന്ത്യോക്യൻ പിതാക്കന്മാരിൽ ചിലരെ പരിചയപ്പെടാം.

1. ഡെറൊത്യസ് (ഏ.ഡി.240–312): അന്ത്യോക്യയിൽ ഏ.ഡി. 290–ടുകൂടി പുഷ്ടി പ്രാപിച്ച പ്രെസ്ബിറ്റർ ഡൊറൊത്യസ് എന്തെങ്കിലും കൃതികൾ അവശേഷിപ്പിച്ചിട്ടുണ്ടോ എന്നുള്ളതു വ്യക്തമല്ലെങ്കിലും വായ് മൊഴിയാലുള്ള തന്റെ പഠിപ്പിക്കൽ, ഔപചാരികമായ ഒരു ദൈവശാസ്ത്ര അദ്ധ്യായനശാല അവിടെ തുടങ്ങുവാൻ മാർഗ്ഗം ഒരുക്കി. അതിനാൽ ഇദ്ദേഹത്തെയും ചിലപ്പോൾ അന്ത്യോക്യൻ സ്കൂളിന്റെ സ്ഥാപകരിൽ ഒരാളായി പറയാറുണ്ട്.

2. ലൂസിയാൻ (ഏ.ഡി. 312–ൽ മരിച്ചു): സിറിയയിലെ സമൊസറ്റയിൽ ജനിച്ച, ചെറുപ്പകാലം എഡെസ്സയിൽ ചെലവഴിച്ച, അന്ത്യോക്യയിലെ പ്രെസ്ബിറ്ററായി നിയമിക്കപ്പെട്ട ലൂസിയൻ ആയിരുന്നു അന്ത്യോക്യൻ പാഠശാലയുടെ യഥാർത്ഥ സ്ഥാപകൻ. ഓറിഗന്റെ സ്വാധീനത്താൽ വളരെ ശക്തി പ്രാപിച്ചു പ്രചുര പ്രചാരത്തിൽ ഇരുന്ന രൂപകഥാപരവും രഹസ്യാത്മകവുമായ വ്യാഖ്യാനത്തെ തടയുവാൻ കർശനമായ തന്റെ വ്യാഖ്യാന വിധങ്ങൾ സഹായകമായി.

3. ഡയൊസൊറസ് (ഏ.ഡി. 393-ൽ മരിച്ചു): തനിക്കു മുമ്പേ യൂസ്റ്റാത്യസ് (ഏ.ഡി.325), യൂസിബ്യസ് (ഏ.ഡി.360-ൽ മരിച്ചു). എന്നിവർ വന്നെങ്കിലും ഡയൊഡോറസ് ആയിരുന്നു കൂടുതൽ ശ്രദ്ധേയൻ. ആദ്യം അന്ത്യോക്യയിലെ പ്രസ്ബിറ്ററും പിന്നീടു (ഏ.ഡി. 378) തർസൊസിലെ ബിഷപ്പും ആയിത്തീർന്ന ഇദ്ദേഹമാണ് അന്ത്യോക്യൻ വിദ്യാപീഠത്തിന്റെ സ്ഥാപകൻ എന്നു ഫറർ കരുതുന്നു. മൊപ്സൂഷ്യയിലെ തിയൊഡൊറിന്റെയും ജോൺ ക്രിസോസ്റ്റമിന്റെയും അദ്ധ്യാകനായിരുന്ന താൻ പുസ്തകത്തിന്റെ കലർപ്പില്ലാത്ത അർത്ഥങ്ങൾ രൂപകാലങ്കാരങ്ങളും സാധാരണമായ പ്രസ്താവനകളും അടങ്ങിയിരിക്കുന്നു എന്നു പഠിപ്പിച്ചു. പൗരസ്ത്യ സഭകളുടെ ഭരണത്തിനായി കോൺസ്റ്റന്റിനോപ്പിൾ ഉപദേശസമിതിയാൽ (ഏ.ഡി.381) ഡയൊഡൊറസ് രൂപകഥാപരമായ വ്യാഖ്യാനത്തിനു വിരുദ്ധമായുള്ള തന്റെ തത്ത്വങ്ങൾ വിദ്യാർത്ഥികളുടെ മനസ്സിൽ ക്രമേണ കോരി നിറച്ചു.

4. മൊപ്സൂഷ്യയിലെ തിയൊഡൊർ (ഏ.ഡി.350-428):

അന്ത്യോക്യയിലെ പ്രെസ്ബിറ്ററായി അവരോധിക്കപ്പെട്ട തിയൊഡൊർ അതിവേഗം ഖ്യാതി നേടുകയും ഏകദേശം ഏ.ഡി.390-ൽ കിലിക്യയിൽ മൊപ്സൂഷ്യയിലെ ബിഷപ്പ് ആക്കുകയും ചെയ്തു. സമർത്ഥനായ എഴുത്തുകാരനും, ബൈബിളിന്റെ പല പുസ്തകത്തിന്മേലും കമന്ററികൾ (ചെറിയ പ്രവാചകന്മാർ, ഫിലിപ്പിയർ, കൊലൊസ്യർ, തെസ്സലൊനിക്യർ: സൂക്ഷിക്കപ്പെട്ടിരിക്കുന്നു) രചിച്ചവനും, സ്വതന്ത്ര നിരൂപകനും ചരിത്രപരമായി വ്യാഖ്യാനിക്കുന്നവനും ആയിരുന്ന തിയൊഡൊർ അലക്സാന്ത്ര്യൻ രീതിയിലുള്ള രഹസ്യാത്മകമായ വ്യാഖ്യാനത്തോടു യാതൊരു ദയയും കാണിച്ചിരുന്നില്ല. അന്ത്യോക്യൻ പാഠശാലയുടെ ഏറ്റവും വലിയ വ്യാഖ്യാതാവായിരുന്നു അദ്ദേഹം. ചരിത്ര പശ്ചാത്തലത്തിനും സന്ദർഭത്തിനും അധികം ഊന്നൽ നൽകുക മൂലം അദ്ദേഹത്തെ "പഴയ വ്യാഖ്യാനികളുടെ പ്രഭു" എന്നു വിളിക്കപ്പെട്ടിരുന്നു എങ്കിലും ബൈബിളിന്റെ ചില പുസ്തകങ്ങളുടെ ദൈവനിശ്വാസീതയും കാനോനികതയെയും നിഷേധിച്ചു. തന്റെ വ്യാകരണ-ചരിത്രപരമായ വ്യാഖ്യാനം ആധുനിക സുവിശേഷ വിഹിത വ്യാഖ്യാനത്തിനു തത്ത്വങ്ങൾ ആയിത്തീർന്നു.

5. ജോൺ ക്രിസൊസ്റ്റം (ഏ.ഡി. 354-407): മൊപ്സൂഷ്യയിലെ തിയൊഡൊർ നിരൂപകനും വ്യാഖ്യാതവും എന്ന നിലയിൽ പ്രസിദ്ധനായിരുന്നെങ്കിൽ കോൺസ്റ്റാന്റിനോപ്പിളിലെ ആർച്ച് ബിഷപ്പ് ആയിരുന്ന ക്രിസൊസ്റ്റം തന്റെ വാക്ചാതുര്യത്തിന്റെ വശ്യമനോഹാരിത മൂലം "സ്വർണ്ണനാവുള്ളവൻ" എന്ന പേരിൽ പുകഴ്പെട്ടവൻ ആയിരുന്നു. വ്യാകരണത്തിന്റെയും യുക്തിയുടെയും തത്ത്വം അനുസരിച്ചുള്ള തന്റെ വ്യാഖ്യാനം ബൈബിളിന്റെ അക്ഷരത്തിൽ നിന്നും ഉളവാകുന്ന ആത്മീയ ആശയം

മനസ്സിലാക്കുവാൻ ഗുണമായി. ആദിമ സഭാപിതാക്കന്മാരുടെ ഇടയിലെ "ഏറ്റവും വലിയ വ്യാഖ്യാതാവ്" എന്നു വിശേഷിപ്പിക്കപ്പെട്ട ഇദ്ദേഹം അറുനൂറിലേറെ ധർമ്മോപദേശങ്ങൾ രചിച്ചിട്ടുണ്ട്. ഈ കൃതികളിൽ, പഴയനിയമത്തിൽ ഏകദേശം ഏഴായിരവും പുതിയനിയമത്തിൽ നിന്നു പതിനോരായിരവും ഉദ്ധരണികൾ അടങ്ങിയിരിക്കുന്നു. മിക്കവാറും എല്ലാ കാര്യങ്ങളിലും തിയൊഡൊറും ക്രിസൊസ്റ്റമും വ്യത്യസ്തൻ ആയിരുന്നെങ്കിലും ബൈബി ളിന്റെ ആദിമമായ അർത്ഥം നിശ്ചയിക്കുന്നതിന് അനിവാര്യമായ, ശരിയായ ശാസ്ത്രീയമായ, വ്യാഖ്യാനത്തിന്റെ രൂപീകരണത്തിലേക്ക് അവർ ഇരുവരും ശ്രമിച്ചു. അക്ഷരാർത്ഥത്തിനു വലിയ മൂല്യം നല്കിയപ്പോൾ തന്നെ രൂപകഥാപരമായ വ്യാഖ്യാനവിധത്തെ മനഃപൂർവ്വം തള്ളിക്കളകയും ചെയ്തു. ഇതൊക്കെയാണെങ്കിലും തിയൊഡൊറിന്റെ ശിഷ്യന്മാരിൽ ഒരാളായ നെസ്റ്റൊറിയസ് യേശുക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ചുള്ള വലിയ ദുരുപദേശങ്ങൻ കുടുങ്ങി.

6. തിയൊഡൊറെറ്റ് (ഏ.ഡി. 386–458): ഡയൊഡൊറസ്, തിയൊഡൊർ, ക്രിസൊസ്റ്റം മുതലായവരുടെ ഉപദേശങ്ങളാൽ സ്വാധീനിക്കപ്പെട്ട തിയൊഡൊറെറ്റ് അവരുടെ വ്യാഖ്യാനക്രമം തന്നെയാണു പിൻതുടർന്നത്. പഴയനിയമത്തിലെ മിക്കവാറും എല്ലാ പുസ്തകങ്ങൾക്കും പൗലൊസിന്റെ ലേഖനങ്ങൾക്കും കമന്ററികൾ രചിച്ചിട്ടുണ്ട്. തന്റെ വിശദീകരണങ്ങൾ സാധാരണ ഹ്രസ്വവും വ്യക്തവും സംക്ഷിപ്തവും വിവേചനപരമായ തീർപ്പു കല്പിക്കുന്നതും ഏറ്റവും വ്യക്തവുമായ പുരാതന വ്യാഖ്യാനങ്ങളിൽ ഒന്നും ആകുന്നു. ക്രിസൊസ്റ്റമിന്റെയും തിയൊഡൊറ്ററിന്റെയും കാലത്തിനുശേഷം അന്ത്യോക്യൻ പാഠശാല ക്ഷയിക്കുകയും മെസൊപൊട്ടോമ്യയിലെ ക്രൈസ്തവ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ പ്രശസ്തമാവുകയും ചെയ്തു.

D. പിൽക്കാലത്തെ സഭാപിതാക്കന്മാർ: ഈ കാലയളവിനെക്കുറിച്ച് പറയുമ്പോൾ (അഞ്ചും ആറും നൂറ്റാണ്ടുകൾ) ജെറോ, അഗസ്റ്റിൻ, ജോൺ കാസ്സ്യൻ, യൂഖേറിയസ്, ആഡ്രിയൻ, ജൂനിലിയസ് മുതലായ പേരുകൾ എടുത്തു പറയേണ്ടതാകുന്നു.

പാശ്ചാത്യ പാഠശാല ബൈബിൾ വ്യാഖ്യാനത്തിൽ, പാരമ്പര്യത്തിന്റെ ആധികാരികതയോടൊപ്പം സഭയുടെയും ഊന്നിപ്പറയുന്ന കാര്യത്തിൽ പാശ്ചാത്യ സ്കൂൾ പേരുകേട്ടത് ആയിരുന്നു. സഭയുടെ പഠിപ്പിക്കലുകൾക്ക് അംഗീകൃത മാനദണ്ഡത്തിന്റെ മൂല്യം എന്നുള്ള പദവി നൽകി. ബൈബിൾ വ്യാഖ്യാനത്തിനായി ഒരു സ്കൂൾ പ്രത്യേകമായ ഏതെങ്കിലും വിധം രൂപീകരിച്ചില്ലെങ്കിലും അലക്സാന്ത്രിയൻ അന്ത്യോക്യൻ സ്കൂളുകളിൽ നിന്നു ചിലത് കടമെടുക്കുകയും അതിനോടുകൂടെ പാരമ്പര്യത്തിന്റെയും സഭയുടെ ഉപദേശങ്ങളുടെയും അധികാരം കൂട്ടിച്ചേർക്കുകയും ചെയ്തു. അതിനാൽ ഇതൊരു, മദ്ധ്യസ്ഥത വഹിക്കുന്ന പാഠശാല ആയിരുന്നു. ഹില്ലാരി, അംബ്രൊസ്, ജെറോം,

*അഗസ്റ്റിൻ തുടങ്ങിയവർ ഇത്തരത്തിലുള്ള വ്യാഖ്യാനത്തിന്റെ പ്രതിനിധികളാകുന്നു.*

*1. ഹില്ലാരി   പാശ്ചാത്യ സഭയിലെ, ഉപദേശസംബന്ധമായി എഴുതുന്നവരിൽ ഹില്ലാരി ശ്രദ്ധേയൻ ആയിരുന്നെങ്കിലും വ്യാഖ്യാതാവ് എന്ന നിലയിൽ ഓറിഗന്റെ നിലപാടുകാരൻ ആയിരുന്നു.*

*2. അംബ്രോസ് (ഏ.ഡി.374-397): ചരിത്രവിവരണത്തിനു യാതൊരു മൂല്യവും നൽകാതെ ബൈബിളിലെ മറഞ്ഞിരിക്കുന്ന അർത്ഥത്തെ വാഴ്ത്തുകയും പലപ്പോഴും ഒരു വചനത്തിനു നിരവധി സൂതകാർത്ഥങ്ങൾ ഉണ്ടെന്ന് ഉറപ്പിച്ചു പ്രസ്താവിക്കുകയും ചെയ്ത മിലാനിലെ അംബ്രോസ്, ഓറിഗനിലും ഹില്ലാരിയിലും അധികം സാങ്കല്പികവും നിയമ വിരുദ്ധവുമായി രൂപകഥാപരമായ വ്യാഖ്യാനത്തിൽ തൽപരൻ ആയിരുന്നു. ഉദാഹരണത്തിന്, നോഹയുടെ പെട്ടകത്തെ മനുഷ്യ ശരീരമായും, കെട്ടപ്പെട്ട കഴുതക്കുട്ടിയെ (ലൂക്കൊ 19:30) പാപത്തിൽ ബന്ധിക്കപ്പെട്ട മനുഷ്യനായും, അതിനെ അഴിക്കുന്നതിനെ ക്രിസ്തുവിന്റെ വീണ്ടെടുപ്പായും വ്യാഖ്യാനിക്കുന്നു. 3. ജെറോം (ഏ.ഡി. 347-419):*

*പന്നോന്യയുടെ അതിർത്തിയിലുള്ള സ്ട്രിഡനിൽ ജനിച്ച, ചെറുപ്രായത്തിലെ റോമിൽ എത്തി അദ്ധ്യാപനം ചെയ്ത, കുറെക്കാലം സിറിയയിലെ അന്ത്യോക്യയിൽ ചെലവഴിച്ച, ഏകദേശം ഏ.ഡി. 386 മുതൽ യഹൂദ്യയിലെ ബെത്ലഹേമിൽ ശേഷം കാലം മുഴുവനും ചെലവഴിച്ച ജെറോം, പുരാതന സഭയുടെ മഹാനായ തർജ്ജമക്കാരൻ ആയിരുന്നു. മൂലഭാഷയായ എബ്രായ ഭാഷയിൽ നിന്നു ലാറ്റിനിലേക്കു വിവർത്തനം ചെയ്തു. ബൈബിളിന്റെ ഈ പരിഭാഷ സഭയുടെ ഔദ്യോഗിക ബൈബിളായി അംഗീ കരിക്കപ്പെട്ടു. ഓറിഗന്റെ രൂപകഥാപരമായ വ്യാഖ്യാനം തുടക്കത്തിൽ താനും പിന്തുടർന്നെങ്കിലും പിന്നീട് അന്ത്യോക്യയിലെ പാഠശാലയുടെയും യഹൂദ ഉപദേഷ്ടാക്കന്മാരുടെയും സ്വാധീനത്താൽ കൂടുതൽ അക്ഷരീകമായ രീതിയിലേക്കു തിരിഞ്ഞു. തന്റെ ആദ്യ കമന്ററി രൂപകഥാപരം ആയിരുന്നെങ്കിൽ അവസാനത്തേത് അക്ഷരാർത്ഥപരം ആയിരുന്നു. എബ്രായ ഗ്രീക്കു ഭാഷകളിൽ അതിവിദഗ്ധനായിരുന്ന താൻ വ്യാഖ്യാതാവ് എന്ന നിലയിൽ അത്രമാത്രം ശോഭിച്ചില്ല. മൂലഭാഷകളുടെ പ്രാധാന്യത്തെയും വിവർത്തനത്തിന്മേൽ ആദിമ ഗ്രന്ഥത്തിനുള്ള മേന്മയെയും പരിഗണിക്കുന്നതിനാൽ ജെറോമിനെ ശാസ്ത്രീയമായ വ്യാഖ്യാതാവിന്റെ പിതാവ് എന്നും പറയാറുണ്ട്.*

*4. വിൻസെന്റ് (ഏ.ഡി.450-നു മുമ്പു മരിച്ചു): സഭാപരവും കാതോലികവുമായ ആശയത്തിന്റെ നിയമപ്രകാരം വേണം പ്രവാചകന്മാരുടെയും അപ്പൊസ്തലന്മാരുടെയും വ്യാഖ്യാനം നയിക്കപ്പെടേണ്ടത് എന്നും, ഒരു ഉപദേശം സ്ഥാപിക്കുവാൻ പാരമ്പര്യവും സഭയുടെ ഉപദേശവും രണ്ടും അനി വാര്യമാണെന്നു കണക്കാക്കു*

വാൻ രചിച്ച കമ്മെൊണിറ്റൊറിയത്തിൽ താൻ പ്രസ്താവിച്ചിരിക്കുന്നു. അതായത്, "നിയമം" എന്ന് ഇവിടെ ഉദ്ദേശിക്കുന്നതു സഭാ കൗൺസിലിന്റെ തീരുമാനങ്ങളും സഭാപിതാക്കന്മാർ സമ്മാനിച്ചിട്ടുള്ള വ്യാഖ്യാനങ്ങളും ആകുന്നു. എല്ലായിടത്തും എല്ലായ്പ്പോഴും എല്ലാവരാലും വിശ്വസിക്കപ്പെടുന്ന ഏക വ്യാഖ്യാനം മാത്രമാണ് സത്യമായത് എന്നുള്ളതായിരുന്നു തന്റെ അധികാരം. മറ്റൊരു രീതിയിൽ പറഞ്ഞാൽ സാർവ്വ ലൗകീകത്വവും പുരാതനവും സാമാന്യബോധവും അത്രെ ഒരു ബൈബിൾ ഭാഗത്തിന്റെ അർത്ഥം നിശ്ചയിക്കുന്നതിനുള്ള പരീക്ഷണോപാധി. ഈവിധ വ്യാഖ്യാനത്തിൽ വിശ്വസിക്കാത്തവർക്കു സഭയുടെ പാരമ്പര്യത്തിനന്റെയും രീതിയിലുമുള്ള വ്യാഖ്യാനത്തെ സംബന്ധിച്ചു രചിച്ച പാഠപുസ്തകം പ്രയോജനം ഉള്ളതല്ല.

5. അഗസ്റ്റിൻ (ഏ.ഡി. 354–430) : ആഫ്രിക്കയിലെ ഹിപ്പൊയിൽ ബിഷപ്പായിരുന്ന അഗസ്റ്റിൻ പാണ്ഡിത്യത്തിൽ ജെറോമിനോളം എത്തുകയില്ലെങ്കിലും ആശയത്തിന്റെ ശക്തി, ആഴത്തിലേക്കുള്ള തുളച്ചുകയറൽ, പ്രതിഭയുടെ അഭിനവത്വം തുടങ്ങിയവയുടെ കാര്യത്തിൽ വളരെയേറെ മുമ്പിൽ ആയിരുന്നു. ഒരുപക്ഷേ, യേശുക്രിസ്തുവും അപ്പൊസ്തലന്മാരും കഴിഞ്ഞാൽ പുരാതനസഭയിലെ ഏറ്റവും മഹാനായ ദൈവശാസ്ത്രജ്ഞൻ അദ്ദേഹം ആയിരുന്നു. ക്രിസ്ത്യാനി ആകുന്നതിനു മുമ്പു പഴയനിയമത്തിലെ മനുഷ്യരൂപാരോപണത്തെ അത്യന്താവജ്ഞയോടെ വീക്ഷിച്ചതിൽ നിന്നുരൂപംകൊണ്ട് മൂന്നാം നൂറ്റാണ്ടിൽ ഉടലെടുത്ത മാനിഖേയൻ മതപ്രസ്ഥാനത്തിന്റെ അനുഭാവി ആയിരുന്നു അദ്ദേഹം. തന്മൂലം അക്ഷരീകമായ വ്യാഖ്യാനം സ്വീകരിച്ചെങ്കിലും അതു പഴയനിയമം ഗ്രഹിക്കുവാൻ ബുദ്ധിമുട്ട് ഉളവാക്കി. "അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു" (2 കൊരി 3:6) എന്നുള്ള വാക്യം കൂടെക്കൂടെ ഉദ്ധരിച്ചുകൊണ്ടു ഇറ്റലിയിലുള്ള മിലാനിലെ കത്തീഡ്രലിൽ വെച്ച് അംബ്രോസ് സംസാരിച്ചു കേട്ടപ്പോൾ രൂപകഥാപരമായ വ്യാഖ്യാനത്തെ അംഗീകരിച്ചു പഴയനിയമത്തിൽ തനിക്കു നേരിട്ട പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കി. അക്ഷരീകമായ വ്യാഖ്യാനം കൊല്ലുന്നുവെന്നും രൂപകഥാപരമായത് അഥവാ ആത്മീയമായ വ്യാഖ്യാനമാണ് യഥാർത്ഥ അർത്ഥമെന്നും അദ്ദേഹം ഇതിന് അർത്ഥമാക്കി. "അസഹസ്രാബ്ദത്തിന്റെ പിതാവ്" എന്നുള്ള അപരനാമത്താലത്രെ പ്രവചന വിദ്യാർത്ഥികൾക്കിടയിൽ താൻ അറിയപ്പെടുന്നത്. അക്ഷരീകമായ സഹസ്രാബ്ദവാഴ്ചയെ അഗസ്റ്റിൻ തള്ളിക്കള യുകയും അത് റോമൻ കത്തോലിക്കരുടെ ദൈവശാസ്ത്രത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. അദ്ദേഹം മൂർച്ചയുള്ള ഒരു ദൈവശാസ്ത്രജ്ഞനും ആയിരുന്നു എന്നുള്ളതിനു പുറമെ, വ്യാഖ്യാനത്തിനു ശരിയായ തത്ത്വങ്ങൾ വളരെ പ്രധാനമാണെന്നും അറിഞ്ഞിരുന്നു എങ്കിലും, "ഞാൻ കിടന്നുറങ്ങി, യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു" (സങ്കീ 3:5) എന്നു പറഞ്ഞിരിക്കുന്നതു യേശു

ക്രിസ്തുവിന്റെ മരണ-പുനരുത്ഥാനത്തെയും, ആദാമും ഹവ്വയും ധരിച്ച അത്തി യില (ഉല്പ 3:7) കപടഭക്തിയെയും, തോൽ (ഉല്പ 3:21) ധാർമ്മികതെയും ഉദ്ദേ ശിച്ചാണെന്നുള്ള തന്റെ വിശദീകരണം താൻ തന്നെ അതിവ്യാപകമായ നിലയിൽ രൂപകഥാപരമായ വ്യാഖ്യാനം ഉപയോഗിച്ചു എന്നുള്ളതിന് ഉദാഹരണങ്ങൾ ആകു ന്നു. അതിവേഗം അടുത്ത ആയിരം സംവത്സരങ്ങളോളം, രൂപകഥാപരമായ രീതി ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനത്തിനായി സ്വീകരിച്ചു. ക്രിസ്തീയ ഉപദേശ ങ്ങളെ സംബന്ധിച്ച് De Doctrina Christina എന്നുള്ള തന്റെ ഗ്രന്ഥത്തിൽ (397) രൂപക ഥാപരമായ ഭാഗങ്ങളെ നിശ്ചയിക്കുന്നതിനും അത് പരിഹരിക്കുവാൻ സഭയുടെ ഉപദേശവും ബൈബിളും ഉപയോഗിക്കാമെന്നും പ്രസ്താവിച്ചിരിക്കുന്നു. ഇതേ കൃതിയിൽ തന്നെ (മൂന്നാം പുസ്തകം) തന്റെ രൂപകഥാപരമായ വ്യാഖ്യാനത്തിന് ആധാരമാകുമാറ് ഏഴു വ്യാഖ്യാന നിയമങ്ങൾ നൽകിയിട്ടുണ്ട്.

a. "കർത്താവും അവന്റെ ശരീരവും" ക്രിസ്തുവിനെ സംബന്ധിച്ചു പ്രസ്തിവാചി ച്ചിരിക്കുന്നത് മിക്കപ്പോഴും തന്റെ ശരീരമാം സഭയ്ക്കും പ്രായോഗികം ആകുന്നു.

b. "കർത്താവിന്റെ ഇരട്ട വിഭജനം, അഥവാ മിശ്രിത സഭ" സഭയിൽ ശരിയായ വിശ്വാസിയെയും കപടഭക്തരെയും കാണാം (മത്താ 13:47-18)

c. "വാഗ്ദത്തവും കല്പനയും" ചില ഭാഗങ്ങൾ കൃപക്കും ചിലതു കല്പനക്കും, ചിലത് ആത്മാവനും ചിലത് അക്ഷരത്തിനും, ചിലതു പ്രവൃത്തിക്കും ചിലതു വിശ്വാ സത്തിനും ബന്ധപ്പെട്ടിരിക്കുന്നു.

d. "അംശവും മുഴുവനും" ചില ഭാഗങ്ങൾ അംശമായതിനോടും ചിലതു മുഴുവനോടും ബന്ധപ്പെട്ടിരിക്കുന്നു. വിശ്വസിക്കുന്ന യിസ്രായേൽ ഒരു "അംശവും" ആത്മീയ യിസ്രായേലാകുന്ന സഭ "മുഴുവനും" ആകുന്നു.

e. "സമയങ്ങൾ" പൊരുത്തക്കേടുകൾ ഉണ്ട് എന്നു തോന്നുന്നവയെ ഒരു പ്രസ്താ വനയുടെ ഉള്ളിൽ മറ്റൊന്നാക്കി പരിഹരിക്കാവുന്നതാണ്.

f. "പുനർവിചാരണ" മുമ്പിലത്തെ ഒരു വിവരണത്തെ പരാമർശിക്കുന്നു എന്നു കണ്ട്, ബുദ്ധിമുട്ടുള്ള ഒരു ഭാഗത്തെ വിശദീകരിക്കാവുന്നതാകുന്നു.

g. "പിശാചും അവന്റെ ശരീരവും" യെശയ്യാവിലേതു പോലുള്ള (യെശ 14) ചില ഭാഗങ്ങൾ പിശാചിന്റെ ശരീരത്തെ, അതായത്, അവന്റെ അനുയായികൾക്കാണ് കൂടു തലും യോജിക്കുന്നത്. ഒരു വ്യാഖ്യാതാവിന്റെ ദൗത്യം തിരുവെഴുത്തിന്റെ അർത്ഥം നിശ്ചയിക്കുകയാണ്, മറിച്ച് തിരുവെഴുത്തിലേക്ക് അർത്ഥം കൊണ്ടു വരികയില്ല എന്ന് അദ്ദേഹം പറഞ്ഞു വെങ്കിലും അതിനു നേരെ വിപരീതമായിട്ടാണ് താൻ പ്രവൃ ത്തിച്ചത്. തിരുവെഴുത്തിനു ചരിത്രപരമായ, രോഗകാരണപരമായ, സമാനമായ, രൂപ കഥാപരമായ എന്നീ നാല് അർത്ഥങ്ങൾ താൻ അവലംബിച്ചു. ഇതു മധ്യകാലയള

വിലെ വ്യാഖ്യാനത്തെ വളരെ സ്വാധീനിച്ചു.
(1) വ്യാഖ്യാതാവിനു യഥാർത്ഥവിശ്വാസം ഉണ്ടായിരിക്കണം.
(2) തിരുവെഴുത്തിന്റെ ചരിത്ര - അക്ഷരീക അർത്ഥം ഉയർത്തിപ്പിടിക്കണം.
(3) ബൈബിൾ സംഖ്യകളിൽ സൂചകാർത്ഥം അടങ്ങിയിരിക്കുന്നു.
(4) പഴയനിയമത്തിൽ ഉടനീളം ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു.
(5) ഒരു വാക്യത്തെ സന്ദർഭത്തോടു ചേർത്തു പഠിക്കുക
(6) പഠനത്തിനു പരിശുദ്ധാത്മാവു പകരം ആവുകയില്ല
(7) അവ്യക്ത ഭാഗങ്ങളെ വ്യക്തമായവയ്ക്കു സമർപ്പിക്കുക
(8) പുരോഗമനപരമായ വെളിപ്പാട് പരിഗണിക്കുക തുടങ്ങിയ വ്യാഖ്യാന നിയമങ്ങൾ ഇന്നും പ്രചാരത്തിൽ ഇരിക്കുന്നവ ആകുന്നു.

## 6. ജോൺ കാസ്റ്റ്യൻ (എ.ഡി. 360-435):


പാശ്ചാത്യ സ്കൂളിനോടുള്ള ബന്ധത്തിൽ ഹിലരി, അംബ്രോസ്, ജറോം, വിൻസന്റ് അഗസ്റ്റിൻ എന്നിവരെ കണ്ടുവെങ്കിലും ജെറോം, അഗസ്റ്റിൻ എന്നിവർ രൂപകഥാപരമായ വ്യാഖ്യാതാക്കൾ ആയതിനാൽ അലക്സാന്ത്ര്യൻ പാഠശാലയാൽ സ്വാധീനപ്പെട്ടവരായും അപ്പോൾ തന്നെ പില്ക്കാലത്ത് പിതാക്കന്മാരുടെ ഗണത്തിൽപ്പെട്ടവരായും കണക്കാക്കപ്പെട്ടതാകുന്നു. ആധുനിക റൊമേനിയ, അഥവാ സിതിയിൽ നിന്നുള്ള ഒരു ക്രിസ്തീയ സന്യാസി ആയിരുന്നു.

ജോൺ കാസ്റ്റ്യൻ. തിരുവെഴുത്തിന് ഓറിഗൻ കൽപ്പിച്ച ത്രിവിധ അർത്ഥം ഭേദഗതി വരുത്തി ബൈബിളിനു ചരിത്രപരം: അക്ഷരീക അർത്ഥം,
ധാർമ്മികം: ഗ്രിക്കിലെ ട്രൊപേ എന്ന ശബ്ദത്തിന് ഒരു പദത്തെ അതിന്റെ ധാർമ്മിക അർത്ഥത്തിലേക്കു തിരിക്കുക എന്നുള്ള വിവക്ഷയുണ്ട്,
രൂപകഥാപരം: മാർമ്മികം അഥവാ ക്രിസ്തുശാസ്ത്രപരം, സ്വർഗ്ഗീയം അഥവാ രഹസ്യം അനഗെയ്ൻ എന്ന ഗ്രീക്കു പദത്തിന് ഉയരത്തിലേക്കു നയിക്കുക എന്നർത്ഥം; എന്നിങ്ങനെ നാലുവിധ ആശയ ങ്ങൾ ഉണ്ടെന്നു പഠിപ്പിച്ചു. ആദ്യകാല ഘട്ടത്തിൽ ഉടനീളം പ്രശസ്തമായിത്തീർന്ന

'ദൈവം നമ്മുടെ പൂർവ്വീകരും എന്തു ചെയ്തു എന്ന് അക്ഷരം പഠിപ്പിക്കുന്നു. നിങ്ങൾ എന്തു വിശ്വസിക്കുന്നു എന്നു രൂപകഥയാൽ പഠിപ്പിക്കപ്പെട്ടു, നിങ്ങൾ പറയുന്നത് എന്തോ അതാണു ധാർമ്മിക ഉപദേശം, നിങ്ങൾ എവിടേക്കു തിരിയുന്നു എന്നുള്ളത് സാമ്യത്താൽ പഠിപ്പിക്കപ്പെട്ടു.'

എന്ന ചെറുഗാനം താൻ രൂപപ്പെടുത്തി. ഈ സമീപനം അനുസരിച്ചു യെരുശലേമിനു നാല് അർത്ഥങ്ങൾ സാധ്യതയുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



## ഇന്ത്യയുടെ സ്വാതന്ത്ര്യദിനം

നമ്മുടെ ഭാരതദേശമായ ഇന്ത്യയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ, ജയിൽശിക്ഷ അനുഭവിച്ചവർ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി തങ്ങളുടെ കുടുംബങ്ങൾ നഷ്ടപ്പെട്ടവർ എല്ലാവർക്കും വേണ്ടിയും നമുക്ക് ദൈവത്തെ സ്തുതിക്കാം. സാഹിത്യരചനകളിലൂടെയും കവിതകളിലൂടെയും തെരുവ് നാടകങ്ങളിലൂടെയും ഗ്രാമങ്ങൾ തോറും സ്വാതന്ത്ര്യത്തിനുവേണ്ടി ഉണർവ് നടത്തിയ എല്ലാവരേയും വാഴ്ത്തുന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി നമുക്ക് എല്ലാവർക്കും തുടർന്നും പ്രാർത്ഥിക്കാം.



AUGUST 2018

# Printed Book (Periodical)


**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.